27-10-2026

Adjournment Motion

നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

മി. സ്പീക്കർ: ഇന്ന് റൂൾ 50 അനുസരിച്ച് രണ്ട് ഉപക്ഷേപങ്ങളുണ്ട്. അതിൽ, ഒന്നാമത്തെ ഉപക്ഷേപം വ്യവസ്ഥകൾ അനുസരിച്ച് ശ്രീ ബി. ബി. ഗോപകുമാർ നോട്ടീസ് നൽകിയിട്ടുള്ള പ്രമേയമാണ്. അതിന് അവതരണാനുമതി കൊടുക്കുന്നതിൽ നിയമപരമായ ചില പ്രശ്നങ്ങളുണ്ട്. പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അവകാശത്തിലെ നിയന്ത്രണങ്ങൾ 52, 52(i), 52(ii), 52(iii) എന്നീ വ്യവസ്ഥകൾ അനുസരിച്ച് ഈ പ്രമേയം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി അവതരിപ്പിക്കാൻ കഴിയില്ല. അതുകൊണ്ട് ഞാൻ നടപടികൾ നിർത്തിവയ്ക്കാനുള്ള ഈ ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുകയാണ്.

ശ്രീ. ബി. ബി. ഗോപകുമാർ: സർ, (മൈക്ക് ഓഫ്).

മി. സ്പീക്കർ: അതെ, മാറ്റർ ഞാൻ പറയാതിരുന്നത്, ഇത് അനുവദിച്ചെങ്കിൽ മാത്രമേ മാറ്റർ പറയാൻ കഴിയുകയുള്ളൂ. അനുവദിക്കാൻ കഴിയില്ല എന്നുള്ളത് ചെയറിന്റെ റൂളിങ്ങാണ്. ചെയർ അങ്ങനെ റൂൾ ചെയ്യുന്നത് റൂൾ ബുക്കിലെ വ്യവസ്ഥയനുസരിച്ചാണ്. ആ വ്യവസ്ഥ, നേരത്തെ

ഇവിടെ പറഞ്ഞതുപോലെ 52(i), 52(ii), 52(iii) എന്നിവയനുസരിച്ച് അനുവദിക്കാൻ കഴിയില്ല എന്നുള്ളത് ഖേദപൂർവം അങ്ങയെ അറിയിക്കുകയാണ്.

പൊലീസ് സേനയിൽ വർധിച്ചുവരുന്ന അക്രമവാസന

മി. സ്പീക്കർ: പൊലീസ് സേനയിൽ വർധിച്ചുവരുന്ന അക്രമവാസനയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരപരാധികളായ ആളുകളെ മർദിച്ച് പരിക്കേൽപ്പിക്കുന്നതും വർക്കലയിൽ പ്രായപൂർത്തിയാകാത്ത കുട്ടിയെ ഭീകരമായി മർദിച്ചതുമൂലവും ജനങ്ങളിലുണ്ടായിട്ടുള്ള ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുന്നതിനായി സർവശ്രീ എ. സി. മൊയ്തീൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊലീസ് സേനയിൽ വർധിച്ചുവരുന്ന അക്രമവാസന

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, വാസ്തവത്തിൽ റൂൾസ് ഓഫ് ബിസിനസ് അനുസരിച്ച് അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയം മാത്രമേ നടപടികൾ

നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിൽ അവതരിപ്പിക്കാൻ പാടുള്ളൂ. ഇത് എത്ര വിഷയങ്ങളാണ്? അങ്ങ് ഇത് അനുവദിച്ച സാഹചര്യത്തിൽ എനിക്ക് പറയാൻ സമയം തരണം.

മി. സ്പീക്കർ: ഇന്നലെയാണെങ്കിലും ഇതിനുമുമ്പും എന്റെ ഓർമ്മവച്ച് നോക്കിയാൽ പല കാര്യങ്ങൾ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിൽ കണക്ട് ചെയ്തുപറയും. അങ്ങേയ്ക്ക് ഇതിനകത്ത് ഇഷ്ടപ്പെട്ട ഒരു പോയിന്റിനെക്കുറിച്ച് പറയാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട സ്പീക്കറെ ചോദ്യം ചെയ്യാൻ പാടില്ലെന്നാണ് നിയമം.

മി. സ്പീക്കർ: അങ്ങ് അങ്ങനെ ചെയ്തില്ലെന്ന് എനിക്ക് കൃത്യമായി അറിയാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, തിരുവനന്തപുരം വർക്കല സ്വദേശിയായ അൽ അമീൻ എന്നയാളിനെ 07-10-2026-ന് സമീർ മുഹമ്മദ്, ജഫാസ്, ഫർഹാൻ, അഷ്കർ, അജീൻ എന്നിവർ ചേർന്ന് തടഞ്ഞുനിർത്തി ആക്രമിച്ചതായി 08-10-2026-ന് മൊഴി നൽകിയതിന്റെ

അടിസ്ഥാനത്തിൽ അന്നേദിവസംതന്നെ വർക്കല പൊലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1041/2026 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. മേൽ കേസിലെ പ്രതിയായ അജീൻ എന്നയാൾ ജോലിചെയ്യുന്ന വർക്കല പുത്തൻചന്തയിലുള്ള മാസാ മന്തിക്കടയിൽ മുഹമ്മദ്, ഫർഹാൻ എന്നീ പ്രതികളുള്ളതായി വിവരം ലഭിച്ചതിനെ തുടർന്ന് വർക്കല പൊലീസ് 22-10-2026-ന് വൈകുന്നേരം 7.00 മണിയോടെ മാസാ മന്തിക്കടയിൽ എത്തിയിട്ടുള്ളതാണ്. എന്നാൽ പ്രതികൾ മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്ത് സ്ഥലത്തുനിന്ന് രക്ഷപ്പെട്ടതായും ആയതിന് ഹോട്ടൽ ജീവനക്കാർ പ്രതികളെ സഹായിച്ചതായും സംശയമുണ്ടായതിനെത്തുടർന്ന് കടയിലെ ജീവനക്കാരുടെ മൊബൈൽ ഫോൺ പൊലീസ് പരിശോധിച്ചതിൽ....., മൈനർ ആയതിനാൽ പേര് പറയാൻ പാടില്ല. ആ വ്യക്തിയുടെ ഫോണിൽനിന്നും പ്രതിയായ ഒരാളിന്റെ 6235773307 എന്ന നമ്പരിലേക്ക് ആ സമയം കോൾ പോയതായി മനസ്സിലായിട്ടുള്ളതാണ്. ആയതിനാൽ മേൽപ്പറഞ്ഞ കേസിൽ ഈ വ്യക്തി ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുവന്ന് വിവരങ്ങൾ

തിരക്കിയപ്പോൾ ഇദ്ദേഹം മൈനർ ആണെന്ന് മനസ്സിലാക്കിയ സമയം സ്റ്റേഷനുപുറത്ത് ഇരുത്തുകയും തുടർന്ന് മാതാവിനെ വിവരം അറിയിച്ചപ്രകാരം ബന്ധുവായ ശ്രീ. മുഹമ്മദലി സ്റ്റേഷനിൽ ഹാജരായി മുഹമ്മദ് റഹാനെ കൂട്ടിക്കൊണ്ടുപോയിട്ടുള്ളതുമാണ്. പ്രായപൂർത്തിയാകാത്ത കുട്ടിയെ ഹോട്ടൽ ജോലിക്ക് നിർത്തില്ല എന്ന ഉത്തമവിശ്വാസത്തിലാണ് മേൽ കേസിലെ പരിശോധനയ്ക്കായി മുഹമ്മദ് റഹാനെ സ്റ്റേഷനിലേക്ക് കൂട്ടിക്കൊണ്ടുവന്നത്. തുടർന്ന് മുഹമ്മദ് റഹാനെ പൊലീസ് മർദിച്ചുവെന്ന് ആരോപിച്ച് മാതാവ് ശ്രീമതി റംല 23-10-2026-ന് വർക്കലയിൽ ഡിവൈ.എസ്.പി. ഓഫീസിൽ നൽകിയ പരാതിയിൽ വർക്കല ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു. മേൽ സംഭവത്തിൽ പ്രായപൂർത്തിയാകാത്ത കുട്ടിയെ പൊലീസ് സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുവന്നതിൽ സബ് ഇൻസ്പെക്ടറുടെ ഭാഗത്ത് വീഴ്ചയുള്ളതായിക്കണ്ട് വർക്കല പൊലീസ് സബ് ഇൻസ്പെക്ടറെ തിരുവനന്തപുരം റൂറൽ ജില്ലാ പൊലീസ് മേധാവിയുടെ 25-10-2026-ലെ ഡി.ഒ. നമ്പർ 987/2026/T ഉത്തരവുപ്രകാരം വർക്കല പൊലീസ് സ്റ്റേഷനിൽനിന്ന് സ്ഥലം

മാറ്റിയിട്ടുള്ളതാണ്. അവിടെ മർദനമൊന്നും നടന്നിട്ടില്ല. എന്നാലും അന്വേഷണം നടത്താൻ ഉത്തരവ് നൽകിയിട്ടുണ്ട്, അന്വേഷണം നടന്നുവരികയാണ്.

ഇതിൽപ്പറഞ്ഞ രണ്ടാമത്തെ കാര്യം, അത് ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിക്കുകയും ഞാൻ മറുപടി പറയുകയും ചെയ്തതാണ്. ചേരാനല്ലൂർ പൊലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട കാര്യമാണ്.

മി. സ്പീക്കർ: അത് ഇന്നലെ ഡിസ്കസ് ചെയ്തതാണ്. ചേരാനല്ലൂരിലെ വിഷയം സംബന്ധിച്ച് നമ്മൾ ഡിസ്കസ് ചെയ്ത് ഡിസ്പോസ് ചെയ്തതാണ്. പരാമർശിക്കുന്നെങ്കിൽ അങ്ങേക്ക് പരാമർശിച്ചുവിടാം. യഥാർഥത്തിൽ അങ്ങ് പറഞ്ഞ ഒരു പോയിന്റ് വളരെ കറക്ടാണ്. സിംഗിൾ പോയിന്റ്, റീസെന്റ് ഒക്കറൻസ് എന്നിവയാണ് അതിനകത്തെ രണ്ട് പ്രധാനപ്പെട്ട നിബന്ധനകൾ. അത് അങ്ങ് ചൂണ്ടിക്കാണിച്ചത് കറക്ടാണ്. അങ്ങ് നല്ല പരിണിതപ്രജ്ഞൻ ആയതിനാൽ ഇതിൽ ഇഷ്ടപ്പെട്ട സബ്ജക്ട് എടുക്കാമെന്നാണ് പറഞ്ഞത്. ചേരാനല്ലൂരിനെക്കുറിച്ച് ഇന്നലെ നമ്മൾ സംസാരിച്ചതാണ്. ശ്രീ ടി. ജെ. വിനോദ്, എം.എൽ.എ., അദ്ദേഹത്തിന്റെ

നിയോജകമണ്ഡലമാണെന്ന് ഇന്നലെത്തന്നെ എന്നോട് പറഞ്ഞിരുന്നു. പക്ഷേ ചർച്ചയുടെ ഒരു പ്രത്യേക സാഹചര്യത്തിൽ അദ്ദേഹത്തിന് അത് അനുവദിക്കാൻ കഴിയാതെ പോയതാണ്. ചേരാനല്ലൂരിനെക്കുറിച്ച് എന്തെങ്കിലും പരാമർശിക്കാനുണ്ടെങ്കിൽ അതുപറഞ്ഞ് നമുക്ക് ഡിസ്പോസ് ചെയ്യാം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഇതിനകത്ത് അങ്ങ് പറഞ്ഞത് കൃത്യമായ കാര്യമാണ്. റൂൾ 52 വളരെ ക്ലിയറാണ്. അതിൽ ഒറ്റ കാര്യമേ പാടുള്ളൂ. ഈ ഉപക്ഷേപം വായിച്ചുനോക്കിയാൽ ഇതിലെത്ര സംഭവങ്ങളാണുള്ളത്? സംസ്ഥാനത്ത് വർധിച്ചുവരുന്ന അക്രമവാസന, വിവിധ ഭാഗങ്ങളിൽ നിരപരാധികളായ ആൾക്കാരെ മർദിച്ച് പരിക്കേൽപ്പിക്കുന്നത്, വർക്കലയിലെ പ്രശ്നം, ചേരാനല്ലൂരിലെ പ്രശ്നം. അതിന്റെ വേർഡിങ്സ് റൂൾ 52-ന് പൂർണ്ണമായി എതിരാണ്. റൂൾസ് ഓഫ് ബിസിനസ്സിന്റെ അടിസ്ഥാനത്തിലാണ് സഭ നടക്കുന്നത്. റൂൾ 52-ൽ പറയുന്നതിന് പൂർണ്ണമായി എതിരായിട്ടുള്ള പ്രമേയമാണിത്. നിങ്ങൾ ഡ്രാഫ്റ്റ് ചെയ്തതിന്റെ തകരാറാണ്. നിങ്ങൾ എന്താണ് ഉദ്ദേശിച്ചത്. ഇവിടെ

എത്രപറഞ്ഞാലും മറുപടി പറയാൻ ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ട്. പക്ഷേ റൂൾസിനെതിരായി നിരന്തരമായി ഉപക്ഷേപം കൊണ്ടുവരികയാണ്. ഇന്നലെയും അതുപോലെതന്നെയായിരുന്നു, ഇന്നും ആവർത്തിക്കുന്നു. ഞങ്ങളെല്ലാം ഇവിടെ ഒരുപാട് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ അവതരിപ്പിച്ചിട്ടുള്ള ആളുകളാണ്. ഇതിന്റെ ഡ്രാഫ്റ്റിങ് റൂൾസ് ഓഫ് ബിസിനസിന് എതിരാണ് എന്നുള്ള അങ്ങയുടെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു.

<u>മി. സ്പീക്കർ</u>: റൂൾ 52 അനുസരിച്ച് ഉപക്ഷേപം അവതരിപ്പിക്കുന്നതിനുള്ള അവകാശത്തിലെ നിയന്ത്രണങ്ങൾ, പൊതുപ്രാധാന്യമർഹിക്കുന്നതും നിയതവും ആയ അടിയന്തര സംഗതികളുടെ ചർച്ചയ്ക്ക് സഭ നിർത്തിവയ്ക്കുന്നതിന് ഉപക്ഷേപം അവതരിപ്പിക്കുവാനുള്ള അവകാശം ഇനിപ്പറയുന്ന നിയന്ത്രണങ്ങൾക്ക് വിധേയമാണ്. ആ നിയന്ത്രണങ്ങളിലാണ് റീസെന്റ് ഒക്കറൻസും സിംഗിൾ പോയിന്റുമുള്ളത്. ആ സിംഗിൾ പോയിന്റിലാണ് ഇവർ ഇത് തന്നപ്പോൾ, ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഒരു പോയിന്റിനെക്കുറിച്ച് പറയാൻ

ആവശ്യപ്പെട്ടത്. അതിനപ്പുറത്തേക്ക് പറയണമെന്ന് ഞാനും നിർബന്ധിക്കുന്നില്ല. ചെയറിന് അങ്ങനെയൊരു നിലപാടില്ല. പക്ഷേ അങ്ങയുടെ മുമ്പിൽവന്ന പേപ്പറിന്റെ അടിസ്ഥാനത്തിലാണ് അങ്ങ് അത് സൂചിപ്പിച്ചതെന്ന് എനിക്കറിയാം. മാത്രമല്ല, ചേരാനല്ലൂരിനെക്കുറിച്ച് ഇന്നലെ നമ്മൾ സംസാരിച്ചതുമാണ്. അതുകൊണ്ട് അങ്ങയുടെ ഡിസ്ക്രീഷൻ അനുസരിച്ച് ഇതിൽ സിംഗിൾ പോയിന്റ് ഏതാണെന്ന് തീരുമാനിച്ച് അതിന് മറുപടി പറയട്ടെ എന്നുള്ളതായിരുന്നു എന്റെ ഇലാബറേറ്റായിട്ടുള്ള നിലപാട്. അങ്ങേയ്ക്ക് പറഞ്ഞ് അവസാനിപ്പിക്കണമെങ്കിൽ അവസാനിപ്പിക്കാം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ചേരാനല്ലൂർ സംഭവം ഗൗരവമുള്ളതാണ്. പക്ഷേ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതും ഞാൻ ആദ്യം അങ്ങയോട് പറഞ്ഞതും, റൂൾസ് ഓഫ് പ്രൊസീജ്യർ അനുസരിച്ചാണ് സഭ നടക്കേണ്ടത് എന്നുള്ളതാണ്. റൂൾസ് ഓഫ് പ്രൊസീജ്യറിൽ റൂൾ 50-ന് ചില വിശദീകരണങ്ങൾ ബിസിനസ് റൂൾസിൽ പറഞ്ഞിട്ടുണ്ട്. 52-ഉം 54-ഉം. 52(2)-ൽ ഉപക്ഷേപം

അവതരിപ്പിക്കുന്നതിനുള്ള അവകാശത്തിലുള്ള നിയന്ത്രണങ്ങൾ പ്രത്യേകമായി പറയുന്നുണ്ട്. പൊതുപ്രാധാന്യമർഹിക്കുന്നതും നിയതവുമായ അടിയന്തര സംഗതികളുടെ ചർച്ചയ്ക്ക് സഭ നിർത്തിവയ്ക്കുന്നതിന് ഉപക്ഷേപം അവതരിപ്പിക്കുന്നു. അതിൽതന്നെ, 52 (2)-ൽ ഒരേ ഉപക്ഷേപത്തിൽ ഒന്നിലധികം സംഗതികൾ ചർച്ച ചെയ്യാൻ പാടില്ല എന്നും 52 (4)-ൽ ഒരേ സമ്മേളനത്തിൽ ചർച്ച ചെയ്ത ഒരു സംഗതിയെപ്പറ്റിയുള്ള ചർച്ച വീണ്ടും ഉപക്ഷേപമായി പുനരാരംഭിക്കാൻ പാടില്ല എന്നും പറയുന്നുണ്ട്.

മി. സ്പീക്കർ: രണ്ടും കറക്റ്റാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്നാലും ചേരാനല്ലൂർ സംഭവത്തിൽ സർക്കാരിന് ഒന്നും ഒളിക്കാനില്ല. ഞങ്ങൾ ശക്തമായ നടപടിയാണ് എടുത്തിട്ടുള്ളത്. ഈ സംഭവമുണ്ടായ രാത്രിയിൽത്തന്നെ അവിടത്തെ എം.എൽ.എ. ശ്രീ ടി. ജെ. വിനോദ് ഫോണിൽ വിളിച്ചാണ് ആദ്യം ഇത് എന്നോട് പറയുന്നത്. പറഞ്ഞപ്പോൾത്തന്നെ ഞാൻ തിരക്കുകയും പൊലീസിന്റെ ഭാഗത്തുനിന്ന് കൾപ്പബിൾ ഹോമിസൈഡ് എന്ന വകുപ്പ് ചേർത്തിട്ടില്ലെന്ന് എനിക്ക് മനസ്സിലാകുകയും ചെയ്തു. ഞാൻ അപ്പോൾതന്നെ

ഡി.ജി.പി.-യെ വിളിച്ചുപറഞ്ഞു. ഇത് വളരെ ഗൗരവതരമായ കാര്യമാണ്. പൊലീസിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച അംഗീകരിക്കുന്നതിൽ എനിക്ക് ഒരു മടിയുമില്ല. പത്തുവർഷം ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ആളാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്. അദ്ദേഹം ഒരിക്കൽപോലും പോലീസിന്റെ വീഴ്ച, വീഴ്ചയാണെന്ന് ഇവിടെ പറഞ്ഞിട്ടില്ല. പക്ഷേ I'm very open. ഞാൻ പൊലീസ് തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ തെറ്റ് ചെയ്തു എന്നുതന്നെ പറയും. ഞാൻ ഡി.ജി.പി.യോട് പറഞ്ഞു, ഒരു പാവപ്പെട്ട മനുഷ്യനെ രാത്രി രണ്ടര മണിക്ക് ബെൻസ് കാറിൽ പോയ ഒരു വ്യക്തി വാഹനമിടിച്ച് കൊല്ലുകയുണ്ടായി. ആ പാവപ്പെട്ട മനുഷ്യൻ കണ്ണടയും അരിയും സാധനങ്ങളും വീട്ടിലേക്ക് കൊണ്ടുപോകുകയായിരുന്നു. ആ മനുഷ്യനെ വാഹനമിടിച്ച് കൊന്നതിനുശേഷം അവിടെ പൊലീസ് എത്തി ജാമ്യം ലഭിക്കുന്ന വകുപ്പുകൾ ചുമത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് ഞാൻ ബഹുമാനപ്പെട്ട ഡി.ജി.പി.-യോട് ചോദിച്ചു. അത് എന്റെ ഉത്തരവാദിത്വമാണ്. പൊലീസ് തെറ്റ് ചെയ്താൽ അതിനെയെല്ലാം കണ്ണടച്ച് ന്യായീകരിക്കേണ്ട ഒരു ബാധ്യതയും ഈ ഗവൺമെന്റിന് ഇല്ലെന്ന് പറയാൻ

ഞാനാഗ്രഹിക്കുന്നു. ജഡ്ജിയുടെ മകനല്ല, ആരുടെ മകനായാലും എന്താണ്? നിയമം എല്ലാവർക്കും ഒരുപോലെയാണ്. ഒരു പാവപ്പെട്ട മനുഷ്യൻ സ്കൂട്ടറിൽ പോകുകയായിരുന്നു. അദ്ദേഹം ആ സാധനങ്ങൾ കൊണ്ടുചെന്നിട്ടുവേണം പിറ്റേദിവസം വീട്ടിലുള്ളവർക്ക് ഭക്ഷണം കഴിക്കാൻ. ആ സംഭവത്തിൽ അവിടത്തെ പൊലീസുദ്യോഗസ്ഥർ കാണിച്ചത് തെറ്റാണ്. അതുസംബന്ധിച്ച് ഞാൻ ചുരുക്കി പറയാം, ഇന്നലെ രാത്രിതന്നെ ഞാൻ എ.ഡി.ജി.പി. (ലാ ആൻഡ് ഓർഡർ) ശ്രീ. പി. വിജയൻ, ഐ.പി.എസ്.-നോട് ഇന്നുതന്നെ അവിടെ സന്ദർശിക്കണമെന്ന് പറഞ്ഞു. ഇന്നലെ രാത്രി എന്നെ ശ്രീ. ബിനോയ് വിശ്വം ഫോൺ വിളിച്ചിരുന്നു. അവർ പൊലീസ് സ്റ്റേഷനുമുമ്പിൽ സമരം ചെയ്യുകയാണെന്ന് പറഞ്ഞു. ഞാൻ ശ്രീ. ബിനോയ് വിശ്വത്തിനോട് അവരുടെ കൈയിൽ ഫോൺ നൽകാൻ പറഞ്ഞു. അദ്ദേഹം അവരുടെ കൈയിൽ ഫോൺ കൊടുത്തു. രണ്ട് പ്രാവശ്യം ഞാൻ അവരോട് സംസാരിച്ചു. മൂന്ന് ഡിമാന്റാണ് അവർക്കുള്ളത്. ഒന്ന്, ചില പൊലീസ് ഉദ്യോഗസ്ഥർ ഫോണിലുള്ള വീഡിയോകൾ ഡിലീറ്റ് ചെയ്തു. ആ പൊലീസ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നതാണ്. അദ്ദേഹത്തെ

മാത്രമല്ല എഫ്.ഐ.ആർ. ഇടാൻ വിമുഖത കാണിച്ച, പ്രസക്തമായ വകുപ്പുകൾ ചേർത്ത് എഫ്.ഐ.ആർ. ഇടാത്ത ഉദ്യോഗസ്ഥർ ആരാണെന്ന് കണ്ടെത്തണമെന്നും അവരുടെ പേരിൽ നടപടി സ്വീകരിക്കുമെന്നുമാണ് ഞാൻ അവരോട് പറഞ്ഞത്. രണ്ട്, ഇവരുടെ ജാമ്യം റദ്ദാക്കണമെന്നാണ് ആവശ്യപ്പെട്ടത്. ഞാൻ വീണ്ടും ആവർത്തിക്കുന്നു, with the protection of this house ..... ജൂവനൈൽ മജിസ്ട്രേറ്റ് ഒരു കാരണവശാലും ജാമ്യം അനുവദിക്കാൻ പാടില്ലായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. എനിക്ക് ഈ സഭയുടെ പ്രൊട്ടക്ഷനുണ്ട്. ഒരു പാവപ്പെട്ട മനുഷ്യനെ വാഹനമിടിച്ച് കൊന്നിട്ട്..... അന്ന് രാത്രിയിൽ ജൂവനൈൽ മജിസ്ട്രേറ്റിന്റെ മുമ്പാകെ കൊണ്ടുപോകണമെന്ന് പറഞ്ഞപ്പോൾ പിറ്റേദിവസം കൊണ്ടുവരാനാണ് അദ്ദേഹം പറഞ്ഞത്. പൊലീസ് ഇൻസിസ്റ്റ് ചെയ്തിട്ടാണ് രാത്രി അവിടെ കൊണ്ടുപോയി ജാമ്യം അനുവദിച്ചത്. ഈ രാജ്യത്ത് നടക്കുന്നത് എന്താണ്? പിറ്റേദിവസം കൂടുതൽ വകുപ്പുകൾ ചുമത്തിയെങ്കിലും ജാമ്യം അനുവദിച്ചു. ജഡ്ജിയെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്, അയാളുടെ ജാമ്യം റദ്ദാക്കുന്നതിനായി അതിനുമുകളിലെ കോടതിയിൽ അപ്പീൽ

കൊടുത്തിരിക്കുകയാണ്. അവർക്കെല്ലാം എന്നോട് സംസാരിക്കുന്നതിന് വികാരവിക്ഷോഭമുള്ളതുകൊണ്ട് ശ്രീ. ബിനോയ് വിശ്വത്തിന്റെ കൈയിൽ ഫോൺ നൽകാൻ ഞാൻ പറഞ്ഞു. അവരുടെ മൂന്നാമത്തെ ആവശ്യം, ജഡ്ജിയുടെ പേരിൽ നടപടി സ്വീകരിക്കണമെന്നതാണ്. ജഡ്ജിയുടെ പേരിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് സാധിക്കില്ല. ഗവൺമെന്റിന് ചെയ്യാൻ സാധിക്കുന്നത്, വാഹനം ഓടിച്ചിരുന്ന ആൾ മൈനർ ആയിരുന്നു. ആ വാഹനത്തിന്റെ ഉടമ ജഡ്ജിയാണ്. ജഡ്ജിയുടെ പേരിൽ കേസെടുത്തു. ആ വിവരം ബഹുമാനപ്പെട്ട ഹൈക്കോടതി രജിസ്ട്രാറെ രേഖാമൂലം അറിയിച്ചു. ഇനി ആ ജില്ലയുടെ ചുമതലയുള്ള ഹൈക്കോടതി ജഡ്ജി പരിശോധിച്ച് നടപടി സ്വീകരിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവാദിത്വമാണ്. അവർ അത് ചെയ്യുമെന്നാണ് എന്റെ വിശ്വാസം. ശ്രീ. ബിനോയ് വിശ്വം പറഞ്ഞ മൂന്ന് കാര്യങ്ങളും ഞാൻ അംഗീകരിച്ചു. അതിനാലാണ് ഇന്നലെ സമരം അവസാനിപ്പിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഫോൺ ചെയ്ത കാര്യവും അവർ എന്നോട് പറഞ്ഞു. ഇക്കാര്യത്തിൽ ഞങ്ങൾ എല്ലാവരും ഒറ്റക്കെട്ടാണെന്ന് ഞാൻ പറഞ്ഞു.

പാവപ്പെട്ട ഒരു മനുഷ്യനെ രാത്രി രണ്ടര മണിക്ക് വാഹനമിടിച്ച് കൊലപ്പെടുത്തിയതിന് യാതൊരു നടപടിയും..... ആ ശവശരീരം അടക്കം ചെയ്യുന്നതിനുമുമ്പ് ആ വ്യക്തിക്ക് ജാമ്യം നൽകിയ നടപടിയെ ഞാൻ ശക്തമായി അപലപിക്കുകയാണ്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കും. ഒരു കുറ്റവാളിയെയും രക്ഷപ്പെടാൻ അനുവദിക്കില്ലെന്നാണ് ബഹുമാനപ്പെട്ട അംഗം എ. സി. മൊയ്തീനോട് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഈ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ഒരു കാര്യത്തെ സംബന്ധിച്ചുള്ളതാണ്. അതിന്റെ വിശദീകരണത്തിന്റെ ഭാഗമായാണ് മറ്റ് കാര്യങ്ങൾ അതിൽ സൂചിപ്പിച്ചത്. പൊലീസ് സേനയിൽ വർധിച്ചുവരുന്ന അക്രമവാസനയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന പ്രശ്നങ്ങളെയും ഉദാഹരിക്കുവാൻ വേണ്ടിയാണ് ഈ സംഭവം ചൂണ്ടിക്കാണിച്ചത്. അതുകൊണ്ട് എന്തോ അസാധാരണമായ ഒരു കാര്യം നടന്നുവെന്ന രീതിയിൽ ഭരണപക്ഷത്തുനിന്നും മുഖ്യമന്ത്രിയുൾപ്പെടെയുള്ള ആളുകൾ ഉന്നയിച്ച ഈ

വിഷയം സഭ ചർച്ച ചെയ്യരുത് എന്നുള്ളതുകൊണ്ടാണെന്നാണ് ഞാൻ കരുതുന്നത്.

ആഭ്യന്തര വകുപ്പുമന്ത്രിയുടെ മറുപടിയിൽ നിന്നുതന്നെ ഈ വിഷയം എത്ര പ്രാധാന്യമർഹിക്കുന്നതാണെന്ന് അദ്ദേഹം തന്നെ സൂചിപ്പിക്കുകയുണ്ടായി. ഈ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രധാനപ്പെട്ട ഒരു കാര്യമാണെന്ന് അദ്ദേഹത്തിന്റെ മറുപടിയിൽനിന്നുതന്നെ വ്യക്തമാക്കിയതാണ്. ഇന്നലെ ആ കുടുംബത്തിന്റെ സമരം പൊലീസ് സ്റ്റേഷനുമുമ്പിൽ നടന്നു. ഇന്നലെ സഭ ചർച്ച ചെയ്യുമ്പോൾ ആ വിഷയം ഉണ്ടായിരുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി മറുപടി പറയുന്ന സമയത്ത് ഇത്തരത്തിൽ ഗൗരവമായ ക്രമക്കേടുകൾ പൊലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടെന്നുള്ള വിഷയം ഇതുമായി ബന്ധപ്പെട്ട് ആ സമയത്ത് വ്യക്തമാക്കിയിരുന്നില്ല. " എന്റെ അച്ഛന്റെ മൃതദേഹം വീട്ടിലെത്തുന്നതിനുമുമ്പ്, അച്ഛന്റെ ചിത അണയുന്നതിനുമുമ്പ്, അദ്ദേഹത്തിന്റെ മരണത്തിന് ഉത്തരവാദിയായ പ്രതി രക്ഷപ്പെട്ടുപോയി.

എന്റെ അച്ഛൻ വെറുമൊരു തട്ടുകടക്കാരനായതുകൊണ്ടും പ്രതി ജഡ്ജിയുടെ മകനായതുകൊണ്ടും രണ്ട് നീതിയാണോ ഇവിടെ?" എന്നാണ് ആ കുട്ടി ചോദിച്ചത്.

ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇപ്പോൾ പറഞ്ഞ കാര്യവും അതുതന്നെയാണ്. ഇവിടെ പൊലീസ് സ്റ്റേഷനിൽ രണ്ട് നീതി നടപ്പാക്കുന്നുവെന്ന കാര്യമാണ് ആ കുട്ടി പറഞ്ഞത്. ഇന്ന് ആഭ്യന്തര വകുപ്പുമന്ത്രി ഈ അവതരണത്തിനുമുമ്പ് അവതരിപ്പിച്ച കാര്യങ്ങളിലും ഇതേ കാര്യമാണ് ഇവിടെ പറഞ്ഞത്. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതല്ലേ? പൊലീസിൽ രണ്ട് നീതിയുണ്ടെന്ന് കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രിതന്നെ ആ കുട്ടിയുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പറയുകയും നേരത്തെ പ്രതിപക്ഷത്തുനിന്നും നേതാക്കൾ വിളിച്ച് സംസാരിച്ച കാര്യങ്ങളെക്കുറിച്ചെല്ലാം ഇവിടെ സൂചിപ്പിക്കുകയും ചെയ്തു, അതിനാൽ ഈ കാര്യങ്ങൾ നമുക്ക് വ്യക്തമാക്കാം. മക്കളെ വളർത്തുന്നതിനുവേണ്ടിയാണ് പറവൂരിൽനിന്നും എറണാകുളത്തെ ചേരാനല്ലൂരിൽ തട്ടുകട നടത്തി തിരികെ പോകുന്ന സാഹചര്യമുണ്ടായത്.

രാത്രി തിരികെ പോകുമ്പോൾ അദ്ദേഹത്തിന്റെ കൈവശം വീട്ടിലേക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ വാങ്ങിക്കൊണ്ടുപോയത് ചിതറിക്കിടക്കുന്നതായി നമ്മൾ ചിത്രത്തിൽ കണ്ടതാണ്. അത്രയും ഭീകരമായ രീതിയിലാണ് ജയബാലകൃഷ്ണന് അപകടമുണ്ടായി മരണം സംഭവിച്ചത്.

ചിത അണയുന്നതിനുമുമ്പാണ് ആ കുട്ടികൾവന്ന് അവിടെ സമരത്തിലിരുന്നത് എന്നത് ഗൗരവമായ കാര്യമാണ്. പണവും സ്വാധീനവുമുണ്ട് എന്നതുകൊണ്ട് ഒരാളെ പ്രതിസ്ഥാനത്തുനിന്ന് ഒഴിവാക്കാൻ കഴിയുമോ? ഇവിടെ നേരത്തെ സൂചിപ്പിച്ച മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലിലെ അഡീഷണൽ ജഡ്ജിയുടെ മകനാണ് ഈ പതിനേഴ് വയസ്സുകാരൻ. ഏറ്റവും ആഡംബരമായ ഒരു കാറാണ് ഈ പതിനേഴ് വയസ്സുകാരൻ ഓടിച്ചിരുന്നതെന്നും അയാൾക്ക് ലൈസൻസുപോലും ഇല്ലായിരുന്നുവെന്നുമാണ് അറിയുന്നത്. ആ കാർ ഓടിച്ചുപോയി കുടുംബനാഥനെ ഇടിച്ചുകൊലപ്പെടുത്തിയ സംഭവമാണ് പുറത്തുവന്നത്. വാഹനം ഓടിച്ചിരുന്ന ആളിന് ലൈസൻസ് ഇല്ലാതിരുന്നിട്ടും

എങ്ങനെയാണ് അത്തരമൊരാളെ മരണപ്പെട്ട വ്യക്തിയുടെ ചിത കത്തുന്നതിനുമുമ്പ് പൊലീസ് ജാമ്യം നൽകി പുറത്തുവിട്ടത്? ഗൗരവമേറിയ കാര്യമാണത്. പൊലീസ് സംവിധാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജി ശ്രീ. ബദറുദീന്റെ ഒരു വിധി നിതിൻരാജിന്റെ മരണവുമായി ബന്ധപ്പെട്ട് ഇവിടെ വന്നിരുന്നു. അതിലും പ്രതിയെ രക്ഷപ്പെടുത്താൻ വേണ്ടിയാണ് ശ്രമിച്ചത്. അവിടത്തെ പ്രതിയായ ഒരു ഉന്നത അധ്യാപകന് ജാമ്യം ലഭിക്കുന്നതിനുവേണ്ടി പൊലീസ് കളിച്ചുവെന്നുമുള്ള വാർത്ത പുറത്തുവന്നിരുന്നു. സമാനമായ സംഭവമല്ലേ ഈ കാര്യത്തിലും ഉണ്ടായിട്ടുള്ളത്. അപകടം നേരിട്ടുകണ്ട നാട്ടുകാർ പ്രതിയെക്കുറിച്ച് കൃത്യമായി പൊലീസിനോട് പറഞ്ഞു. എന്നിട്ടും നാട്ടുകാരുടെ ഫോണിൽ പകർത്തിയിരുന്ന അപകടത്തിന്റെ ദൃശ്യങ്ങൾ പൊലീസ് സ്റ്റേഷനിൽവച്ച് ഡിലീറ്റ് ചെയ്തുകളയുകയാണ് ചെയ്തത്. ഒരു പൊലീസ് സ്റ്റേഷനകത്തുവച്ചാണ് ഇത് നടക്കുന്നത്? പ്രതിയെ രക്ഷിക്കാൻവേണ്ടി നഗ്നമായ ഇടപെടലുണ്ടായി എന്നതല്ലേ വ്യക്തമാകുന്നത്. ഞങ്ങൾ, ആ കാര്യത്തിൽ ആഭ്യന്തര വകുപ്പുമന്ത്രി എന്തെങ്കിലും നടപടി

ചെയ്തിട്ടുണ്ടോയെന്നല്ല..... ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. നിരവധി സംഭവങ്ങൾ ഇതിന്റെ ഭാഗമായി, ഇത്തരം സമാന സ്വഭാവമുള്ള സംഭവങ്ങൾ ഉണ്ടാകുകയാണ്. നിസ്സാരമായ വകുപ്പുകൾ ചുമത്തുകയാണ്. അദ്ദേഹം ഇടപെട്ടുവെന്ന് ഇന്നലെതന്നെ ഇവിടെ പറഞ്ഞു. പക്ഷെ പൊലീസ് വകുപ്പിൽ ഇത് ആദ്യത്തെ സംഭവമാണോ? ഇതിനുമുമ്പ് നെടുമ്പാശ്ശേരിയിലെ പ്രശ്നത്തിൽ മൂന്നുപേരുടെ മരണത്തിനിടയാക്കിയ ഇതേ സ്വഭാവമുള്ള കേസ് പൊലീസ് എങ്ങനെയാണ് കൈകാര്യം ചെയ്തത്? അവിടെ മൂന്ന് പേരെ ഇടിച്ചുകൊന്നതിനുശേഷം ആ പയ്യൻ പറഞ്ഞത് " എന്റെ ബാപ്പയുണ്ട് കേസ് നോക്കിക്കൊള്ളും" എന്നാണ്. അപ്പോൾ പണമുള്ളവന് അവിടെ ഒരു നീതി. പ്രതിയായ ആ കുട്ടിയെ ജുവനൈൽ ഹോമിൽ ആക്കിയതിനുശേഷം പൊലീസ് സ്റ്റേഷനിൽ തെളിവെടുപ്പിന് കൊണ്ടുവരുമ്പോഴേയ്ക്കും രൂപം മാറ്റിക്കളഞ്ഞു പൊലീസ്. ആരെയാണ് രക്ഷിക്കാൻ ശ്രമിക്കുന്നത്? ഇതൊരു ഒറ്റപ്പെട്ട സംഭവമായതുകൊണ്ടല്ല ഞാൻ പറഞ്ഞത്. നിരവധി സംഭവങ്ങളുണ്ട്. നെടുമ്പാശ്ശേരിയിലെ സംഭവത്തിലും ഈ പ്രശ്നമുണ്ടായി. ആ പ്രശ്നത്തിൽ എന്ത് സമീപനമാണ് നമ്മൾ സ്വീകരിക്കുന്നത്?

പണമുള്ളവർക്കും സ്വാധീനമുള്ളവർക്കും അധികാരത്തിന്റെ പങ്കുള്ളവർക്കും വേണ്ടിയാണോ നിയമം? XXXXX*

മി. സ്പീക്കർ: ശ്രീ. എ. സി. മൊയ്തീൻ അങ്ങ് ഒരു കാര്യം മനസ്സിലാക്കണം, ഇതുപോലുള്ളൊരു കേസുമായി ബന്ധപ്പെട്ട് ഡയറക്ടായ എവിഡൻസ് ഇല്ലാതെ ഒരു എം.എൽ.എ.-യെ അക്യൂസ് ചെയ്ത് സംസാരിക്കുന്നത് ശരിയല്ല, അത് സഭാരേഖകളിൽ ഉണ്ടാകില്ല. അത് രേഖകളിൽ നിന്നും നീക്കം ചെയ്യും.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാനത് മാധ്യമങ്ങളിലെ വാർത്തയെന്ന് പറഞ്ഞു. (....ബഹളം.....)

മി. സ്പീക്കർ: സഭാരേഖകളിൽനിന്ന് അത് നീക്കം ചെയ്യും. ദയവായി എല്ലാവരും അവരവരുടെ സീറ്റുകളിൽ ഇരിക്കൂ.... അവിടെ ഇരിക്കൂ..... (ബഹളം).....

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇനിയും പേരുകൾവരും, അങ്ങ് നീക്കം ചെയ്യേണ്ടിവരും. .....(ബഹളം)....

മി. സ്പീക്കർ: അത് രേഖകളിൽ ഉണ്ടാകില്ല, നിങ്ങൾ അവിടെയിരിക്കൂ.

---

* സഭാധ്യക്ഷന്റെ പരിഗണനയിലാണ്.

ശ്രീ. എം. വിൻസെന്റ് അവിടെയിരിക്കൂ. First obey and say.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ കൃത്യമായി പറഞ്ഞു. അങ്ങ് രേഖയിൽനിന്ന് നീക്കം ചെയ്താലും ഇല്ലെങ്കിലും സത്യം സത്യമല്ലാതെ ആകില്ലല്ലോ .....(ബഹളം).....

മി. സ്പീക്കർ: എന്തായാലും സഭാരേഖയിലുണ്ടാകില്ല. രേഖയിൽനിന്ന് പോകട്ടെ.

ശ്രീ. എ. സി. മൊയ്തീൻ: സർ, അങ്ങ് നീക്കിക്കൊള്ളൂ. ഈ പ്രശ്നത്തെ സംബന്ധിച്ച് മാധ്യമവാർത്ത ഉണ്ടായിരുന്നുവെന്ന് മാത്രമാണ് ഞാൻ പറഞ്ഞത്. അവ രേഖകളിൽനിന്ന് നീക്കം ചെയ്യുന്നത് അങ്ങയുടെ അധികാരമാണ്. അക്കാര്യത്തിൽ എനിക്ക് വ്യത്യസ്ത അഭിപ്രായമൊന്നുമില്ല. .....(ബഹളം).....

മി. സ്പീക്കർ: മാധ്യമമല്ലല്ലോ നിയമസഭ, നിയമസഭയിൽ വരുമ്പോൾ.....രേഖയിൽനിന്ന് പോകട്ടെ. നിങ്ങൾ അവിടെ ഇരിക്കൂ.

ശ്രീ. എ. സി. മൊയ്തീൻ: സർ, മാധ്യമങ്ങൾ ഈ വാർത്ത പുറത്തുകൊണ്ടുവന്നപ്പോഴാണ്.....(ബഹളം).....

മി. സ്പീക്കർ: നിങ്ങൾ അവിടെ ഇരിക്കൂ....അവിടെയിരിക്കൂ....

ശ്രീ. എ. സി. മൊയ്തീൻ: സർ, എനിക്ക് ഈ വിഷയം അവതരിപ്പിക്കേണ്ടതുണ്ട്. .....(ബഹളം)..... ഞാൻ സംസാരിക്കുന്നത് തടസ്സപ്പെടുത്തുമ്പോൾ അങ്ങെനിക്ക് പ്രൊട്ടക്ഷൻ നൽകണ്ടേ?.....(ബഹളം)...

മി. സ്പീക്കർ: ഞാൻ പ്രൊട്ടക്ഷൻ തരാം. പക്ഷെ സഭ ഓർഡറിൽ ആകണം. അല്ലെങ്കിൽ എന്റെ പ്രൊട്ടക്ഷൻകൊണ്ട് ഒരു കാര്യവുമുണ്ടാകില്ല. അതുകൊണ്ട് സഭ ആദ്യം ഓർഡറിൽ ആകട്ടെ. .....(ബഹളം)... ശ്രീ. അൻവർ സാദത്ത്, ഇരിക്കൂ. Please resume your seat.....please.... ശ്രീ. വി. പി. സജീന്ദ്രൻ, Please resume your seat..... ശ്രീ. കെ. ജയന്ത്, അങ്ങേയ്ക്ക് മൈക്ക് അനുവദിച്ചിട്ടില്ലല്ലോ, അവിടെ ഇരിക്കൂ. Please resume your seat.....please....

ശ്രീ. എ. സി. മൊയ്തീൻ: സർ, ആരാണതെന്ന് നിങ്ങൾ അന്വേഷിച്ചാൽ മതി.....നിങ്ങൾ അന്വേഷിച്ച് പറഞ്ഞോ..... അങ്ങേയ്ക്ക് വിഷമമുണ്ടെങ്കിലത് അങ്ങല്ലായെന്ന് സ്വയം തീരുമാനിച്ചോളൂ.... എനിക്കെന്ത്...

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത്, ഇരിക്കൂ.... ശ്രീ. എ. സി.

മൊയ്തീൻ, You can continue. കഴിയുന്നത്ര വിവാദങ്ങൾ ഇല്ലാത്ത രീതിയിൽ പോകണം.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ വിവാദങ്ങളൊന്നും പറഞ്ഞില്ല. ഞാൻ പറഞ്ഞത്, മാധ്യമങ്ങളിൽ ഒരു വാർത്ത വന്നതിനെക്കുറിച്ചാണ്.

മി. സ്പീക്കർ: അത് രേഖകളിൽനിന്ന് നീക്കം ചെയ്തല്ലോ.....

ശ്രീ. എ. സി. മൊയ്തീൻ: സർ, അങ്ങത് സഭാരേഖകളിൽനിന്ന് നീക്കം ചെയ്യുവെന്ന് പറഞ്ഞു. പക്ഷെ ഞാൻ ആ വിഷയം പറയുകയാണ്. ഈ വിഷയങ്ങളെല്ലാം മാധ്യമങ്ങളാണ് ഈ സംഭവത്തിലും പുറത്തുകൊണ്ടുവന്നത്. അപ്പുറത്ത് നെടുമ്പാശ്ശേരിയിൽ ഉണ്ടായതുപോലെ ഈ വിഷയങ്ങൾ മാധ്യമങ്ങൾ പുറത്ത് കൊണ്ടുവന്നപ്പോഴാണ്..... പ്രതിക്ക് ജാമ്യം നൽകി പൊലീസ് സ്റ്റേഷനിൽനിന്ന് പറഞ്ഞയച്ചതാണ്..... പൊലീസ് സ്റ്റേഷനിൽ ഇരിക്കുന്ന ആളുകൾ ഈ നിയമങ്ങളൊന്നും അറിയാത്ത ആളുകളാണോ? ആ പ്രതിയെ ജാമ്യം നൽകി പറഞ്ഞയച്ചു.

മി. സ്പീക്കർ: ശ്രീ. എ. സി. മൊയ്തീൻ, അങ്ങ് വളരെ സീനിയറായ അംഗമാണ്. എത്രയോ തവണകളായി ഇവിടെ വന്നിട്ടുള്ള ആളാണ്.

Recent occurrence എന്നുള്ളതും single point എന്നുള്ളതും നമ്മുടെ വ്യവസ്ഥയ്ക്കകത്ത് ഉള്ളതാണ്. അതിന്റെ പരിധിയിൽനിന്ന് അങ്ങ് സംസാരിക്കണം.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാനതാണ് പറയുന്നത്. XXXXX* പൊലീസിന്റെ തെറ്റായ സമീപനത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. അതിനാവശ്യമായ ഉദാഹരണങ്ങൾ മാത്രമല്ലേ ഞാൻ പറയുന്നുള്ളൂ. പൊലീസിനെ വഴിതെറ്റിക്കുന്ന നിലപാട് ഭരണകക്ഷിയുടെ ഭാഗത്തുനിന്നുണ്ടായാൽ അത് ചൂണ്ടിക്കാണിക്കണ്ടേ? അത്തരം കാര്യങ്ങളല്ലാതെ പൊലീസിന്റെ തെറ്റായ നിലപാടും പണവും സ്വാധീനവുമുള്ളവരെ സഹായിക്കുന്ന നിലപാടുകളും മാത്രമാണ് എന്റെ നോട്ടീസിൽ പറഞ്ഞ കാര്യമായി ഇവിടെ ഉന്നയിച്ചത്. അതിനപ്പുറത്തേക്ക് ഞാൻ പോയിട്ടില്ല. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ചർച്ചയിൽ ഇത്തരം കാര്യങ്ങൾ ഉന്നയിക്കുമ്പോൾ അതിന് സഹായകരമായ വിഷയങ്ങൾ ഉന്നയിക്കാറുണ്ട്.

മി. സ്പീക്കർ: യെസ്... യെസ്... സമയം ഒൻപത് മിനിറ്റ് കഴിഞ്ഞു.

---

* നീക്കം ചെയ്തു.

ശ്രീ. എ. സി. മൊയ്തീൻ: സർ, എന്റെ സമയം കളഞ്ഞത് ഞാനല്ല ... ഞാൻ രണ്ട് മിനിറ്റാണ്.....

മി. സ്പീക്കർ: എന്തായാലും സമയം പോയി, പോയ സമയത്തെക്കുറിച്ച് ഇനി പറഞ്ഞിട്ട് കാര്യമില്ല. ഒൻപത് മിനിറ്റായി.

ശ്രീ. എ. സി. മൊയ്തീൻ: സർ, അതാണ് സഭ ഓർഡർ ആകട്ടെയെന്ന് പറഞ്ഞത്. അബദ്ധം മനസ്സിലാക്കിയ പൊലീസ് വീണ്ടും പ്രതിയെ അറസ്റ്റ് ചെയ്യ.....

മി. സ്പീക്കർ: ശ്രീ. എ. സി. മൊയ്തീൻ, ഒൻപത് മിനിറ്റ് കഴിഞ്ഞു.

ശ്രീ. എ. സി. മൊയ്തീൻ: സർ, അങ്ങ് അങ്ങനെ പറയരുത്. ഗൗരവപ്പെട്ട ഒരു വിഷയം തടയാൻ അങ്ങ് നിൽക്കരുത്. ഞാൻ പരമാവധി ചുരുക്കി അവതരിപ്പിക്കാം.

മി. സ്പീക്കർ: തടയുകയല്ല. മധ്യസ്ഥത പറയുന്ന ആളിനെ പ്രതിയാക്കാൻ നോക്കരുത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ പറയുന്നത് അപ്പുറത്തുനിന്ന് പ്രതിഷേധമുണ്ടായെന്നുള്ളതുകൊണ്ട് XXXXX*

---

* നീക്കം ചെയ്യ.

മി. സ്പീക്കർ: അങ്ങ് രണ്ട് മിനിറ്റുകൊണ്ട് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. എ. സി. മൊയ്തീൻ: സർ, രണ്ടാമതും പൊലീസ് അറസ്റ്റ് ചെയ്യുന്ന സ്ഥിതിവന്നത് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഇടപെടൽ കൊണ്ടാണെന്ന് ഞങ്ങൾ സമ്മതിക്കുന്നു, പൊലീസ് സ്റ്റേഷനിലെ സ്ഥിതി ഇതാണ്. അതാണ് ഗൗരവപ്പെട്ട കാര്യമായി ആഭ്യന്തരവകുപ്പിനെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി ജസ്റ്റിസ് ബദറുദ്ദീന്റെ വിധിവന്ന കാര്യം ഞാൻ സൂചിപ്പിച്ചത്. അത് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി കൈകാര്യം ചെയ്യുന്ന പൊലീസ് സേനയിലെ ചിലർ ചെയ്താലും പൊലീസ് സേനയ്ക്കും ഈ കേരളത്തിനുമാകെ നാണക്കേടാണ്. അത് തിരുത്താൻവേണ്ടിയാണ് ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്.

മി. സ്പീക്കർ: യെസ്... യെസ്....

ശ്രീ. എ. സി. മൊയ്തീൻ: സർ, ജയബാലകൃഷ്ണന്റെ കുടുംബവും നാട്ടുകാരും പൊലീസ് സ്റ്റേഷനുമുമ്പിൽ ഇതിന്റെ ഭാഗമായാണ് സമരം നടത്തിയത്. അത് പൊലീസിന്റെ പിശകുകൊണ്ടാണ്. നെടുമ്പാശ്ശേരിയിലെ വിഷയം

ഞാൻ നേരത്തെ പറഞ്ഞു. കൊല്ലപ്പെട്ട ജയബാലകൃഷ്ണന്റെ മകൾ ഭദ്രകീർത്തി മാധ്യമങ്ങൾക്കുമുമ്പിൽ പറഞ്ഞ കാര്യം ഈ സഭ ചർച്ച ചെയ്യണ്ടേ?. ഈ സഭ അത് എങ്ങനെയാണ് കാണുന്നത്. അത് ഗൗരവമുള്ള വിഷയമാണ്. ആ കുട്ടിയുടെ കണ്ണീർ മാധ്യമങ്ങളുടെ മുമ്പിൽ അങ്ങും ഞങ്ങളെല്ലാവരും ഭരണപക്ഷത്തുള്ളവരും കണ്ടതാണ്. നീതികേടിന് പരിഹാരമുണ്ടാകണം. അതിൽ അദ്ദേഹം ഇടപെട്ടിട്ടുണ്ടെന്ന് പറഞ്ഞു. ഇടപെട്ടതിന്റെ മറ്റുകാര്യങ്ങൾ നമുക്ക് നോക്കാം.

മി. സ്പീക്കർ: യെസ്... യെസ്....ടൈം...

ശ്രീ. എ. സി. മൊയ്തീൻ: സർ, ഈ ജഡ്ജ് എന്ത് ആവശ്യത്തിനാണ് പൊലീസ് സ്റ്റേഷനിൽ പോയത്, നിയമമില്ലേ? ഒരു ജൂഡീഷ്യൽ ഓഫീസർ ഏത് കാര്യത്തിനാണ് പൊലീസ് സ്റ്റേഷനിൽ പോകേണ്ടതെന്ന നിയമമുണ്ടല്ലോ? അതിനെ മറികടന്നുകൊണ്ട് അങ്ങോട്ടുപോയത് എന്തിനാണ്? അതിന്റെ ഭാഗമായുള്ള സ്വാധീനം ഉപയോഗിച്ച് രക്ഷപ്പെടുത്തി, അതിന് പൊലീസാണ് കൂട്ടുനിന്നതെന്നാണ് ഞാൻ പറഞ്ഞത്. പണക്കാരോടും പാവപ്പെട്ടവരോടും പൊലീസിന് രണ്ട്

സമീപനമാണ്.

മി. സ്പീക്കർ: ഒരേ കാര്യം തന്നെ പലപ്രാവശ്യം പറയുകയാണ്. അങ്ങ് resume ചെയ്യൂ... please.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇപ്പോൾ അങ്ങ് എന്റെ സംസാരത്തിൽ ഇടപെട്ട് തടസ്സമുണ്ടാക്കിയപ്പോഴാണ് എനിക്ക് വീണ്ടും അത് ആവർത്തിക്കേണ്ടിവരുന്നത്.

മി. സ്പീക്കർ: അങ്ങയോട് ഒരു കാര്യം ഞാൻ ദയവായി പറയാം. അങ്ങ് രണ്ട് പ്രാവശ്യം ചെയറിനെ അക്യൂസ് ചെയ്ത് സംസാരിച്ചു.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ ബഹുമാനത്തോടെയാണ് പറഞ്ഞത്.

മി. സ്പീക്കർ: ബഹുമാനത്തോടെയെന്ന് പറഞ്ഞിട്ട് ബഹുമാനക്കുറവ് കാണിച്ചാൽ.....

ശ്രീ. എ. സി. മൊയ്തീൻ: സർ, എനിക്കങ്ങയോട് പൂർണ്ണ ബഹുമാനമാണ്.

മി. സ്പീക്കർ: ബഹുമാനം, ബഹുമാനം, ബഹുമാനമെന്ന് നേരം

വെളുക്കുന്നതുവരെ പറയുകയും അതിനിടയ്ക്ക് വീണ്ടും ഇതുപോലെയുള്ള കുത്ത് കുത്തുകയും ചെയ്യുന്നത് ശരിയാണോ? അതുകൊണ്ട് XXXXX* എന്ന് പറഞ്ഞ അങ്ങയുടെ വാചകം അങ്ങയുടെകൂടി അനുവാദത്തോടുകൂടി സഭാരേഖയിൽനിന്ന് മാറ്റിയിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, അങ്ങ് ഇടയ്ക്കിടയ്ക്ക് സമയം ഓർമ്മിപ്പിക്കുമ്പോൾ അതെന്റെ സംസാരത്തെ തടസ്സപ്പെടുത്തുന്നുവെന്നുള്ള.....

മി. സ്പീക്കർ: അതൊരു ചെയറിന്റെ കടമയല്ലേ .....

ശ്രീ. എ. സി. മൊയ്തീൻ: സർ, തടസ്സപ്പെടുത്തലോ.....

മി. സ്പീക്കർ: അല്ല. സമയം ഓർമ്മിപ്പിക്കേണ്ടത് ചെയറിന്റെ കടമയാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, എന്റെ സമയം നഷ്ടപ്പെട്ടുപോയല്ലോ.....

മി. സ്പീക്കർ: ഞാൻ ഇവിടെയിരിക്കുമ്പോൾ എത്രയോ സ്പീക്കർമാരെ കണ്ടിരിക്കുന്നു. ഒരു സ്പീക്കറുടെ കടമയാണത്. ആ കടമ നിറവേറ്റണം. അങ്ങ് പ്രതിപക്ഷത്തിന്റെ കടമ നിറവേറ്റുന്നതുപോലെതന്നെ ചെയറിലിരുന്ന്

---

* നീക്കം ചെയ്തു.

എന്റെ കടമ നിറവേറ്റുന്നതിനുള്ള ചെറിയൊരു പെർമിഷൻ എനിക്കുകൂടി നൽകണ്ടേ..... Ok... ഇനി conclude ചെയ്യൂ..

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ അങ്ങയോടുള്ള എല്ലാ ബഹുമാനത്തോടുംകൂടിയാണ് പറഞ്ഞത്. ഭരണപക്ഷത്തുനിന്നുള്ള ഇടപെടലുകളാണ് എന്റെ സമയം നഷ്ടപ്പെടുത്തിയത്.

മി. സ്പീക്കർ: ദയവായി ഇനി conclude ചെയ്യൂ...

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇതുപോലെയാണ് നിരവധി സംഭവങ്ങൾ. എസ്.ഐ.-യെ സ്ഥലം മാറ്റിയ കേസുമായി ബന്ധപ്പെട്ട കാര്യം നേരത്തെയിവിടെ പറഞ്ഞു. അവിടെ എന്താണ് സംഭവിച്ചതെന്ന് അവിടെയുള്ള സി.സി.ടി.വി. പരിശോധിച്ചാൽ മനസ്സിലാക്കാം. കാലിൽ സ്റ്റീൽ റോഡ് ഇട്ടിരിക്കുന്ന ചെറുപ്പക്കാരനെയാണ് ചവിട്ടി ശരിപ്പെടുത്തിയത്. അങ്ങ് എത്ര ലഘുവായാണ് അതിനെക്കുറിച്ച് പറഞ്ഞത്. സജി എന്ന മറ്റൊരു ചെറുപ്പക്കാരനെ പിടിച്ചുകൊണ്ടുപോയി മർദിച്ച് മൂന്നാം ദിവസം ചോര ഛർദ്ദിച്ചാണ് മരിച്ചത്. പൊലീസാണ് പ്രതികൾ. ഞാൻ അങ്ങയെ ബഹുമാനിച്ചുകൊണ്ട് നിർത്തുകയാണ്. ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

പറയാനുള്ള നിരവധി ഉദാഹരണങ്ങൾ കഴിഞ്ഞ രണ്ടുമൂന്ന് മാസക്കാലത്തിനിടയ്ക്ക് കേരള പൊലീസിൽനിന്നുണ്ടായിട്ടുണ്ട്. അതിന് കേരളത്തിലെ പൊലീസിനെ തമിഴ്നാട്ടിൽനിന്ന് കൊണ്ടുവന്നതല്ലെന്നാണ് മുമ്പൊരു ദിവസം അദ്ദേഹം മറുപടി പറഞ്ഞത്. അങ്ങ് അതുപോലെയുള്ളൊരു സമീപനം സ്വീകരിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ കുറേദിവസങ്ങളായി..... അത് ആഭ്യന്തര മന്ത്രിയുടെമാത്രം കഴിവുകേടാണെന്ന് ഞങ്ങൾ പറഞ്ഞില്ലല്ലോ. അങ്ങ് അറിയുന്ന വിഷയങ്ങളുണ്ട്, പക്ഷെ പൊലീസിൽ ഈ പ്രവണത ശക്തിപ്പെട്ടുവരുന്നു.

<u>മി. സ്പീക്കർ</u>: യെസ്....യെസ്....

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, തിരുവനന്തപുരത്തെ ഒരു എസ്.ഐ.-യും സി.ഐ..-യും യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർഥികളെ എങ്ങനെയാണവർ കൈകാര്യം ചെയ്തത്? വീട്ടിൽ കിടത്തി ഉറക്കില്ല. അത് മന്ത്രിയുടെ നിർദേശമനുസരിച്ചാണെന്ന് താഴെ ലെവലിലുള്ള ഒരു ഓഫീസർ പറയാൻ..... അങ്ങനെ പൊലീസ്, പൊലീസിന്റെ ഒരു രാജാക്കി കേരളത്തെ കൊണ്ടുപോകാൻ ശ്രമിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എ. സി. മൊയ്തീൻ.. Please conclude.

ശ്രീ. എ. സി. മൊയ്തീൻ: സർ, പൊലീസ് ചെയ്താൽ, അവരുടെ മനോവീര്യം തകർക്കരുതെന്ന് പറഞ്ഞ് ഇത്തരം കൊള്ളരുതായ്മകളെ സംരക്ഷിക്കാനായുള്ള നിലപാടുകൾ സ്വീകരിക്കരുതെന്നാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: ശ്രീ. എ. സി. മൊയ്തീൻ.. Please conclude.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ conclude ചെയ്യുന്നു. പൊലീസിലെ കുറ്റവാളികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടികൾ സ്വീകരിച്ചാൽ പൊലീസിന്റെ മനോവീര്യം തകരുകയല്ല, മറിച്ച് പൊലീസ് നല്ല സേനയാണെന്ന പേര് ഉണ്ടാകുകയാണ് ചെയ്യുക. ഇവിടെ പൊലീസിന്റെ മനോവീര്യം സംരക്ഷിക്കാനെന്നുപറഞ്ഞ് എല്ലാ കൊള്ളരുതായ്മകളും ചെയ്യുന്ന പൊലീസ് ഉദ്യോഗസ്ഥൻമാരെയും സംരക്ഷിക്കുക എന്ന നിലപാട് സ്വീകരിക്കുന്നതാണ് ഈ കുറ്റകൃത്യങ്ങൾ, പൊലീസ് സ്റ്റേഷനിൽ പണമുള്ളവനും സ്വാധീനമുള്ളവനും അധികാരമുള്ളവനും ഇത്തരം കാര്യങ്ങൾ ചെയ്യാൻ വീണ്ടും വീണ്ടും

അവസരമുണ്ടാക്കുന്നത്. അതിനിടയാക്കുന്ന ഈ നടപടികളിൽ, ഇന്ന് ഈ സഭ നിർത്തിവച്ച് ഈ പ്രശ്നങ്ങൾ ചർച്ചചെയ്ത് ഒരു പരിഹാരമുണ്ടാക്കണമെന്നാണ് ഞാൻ സൂചിപ്പിക്കുന്നത്.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുൻ മന്ത്രിക്കൂടിയായ ശ്രീ. എ. സി. മൊയ്തീൻ, പൊലീസ് സേനയിൽ വർധിച്ചുവരുന്ന അക്രമ വാസനയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന പ്രശ്നങ്ങളെയും സംബന്ധിച്ചാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചപ്പോൾ പറഞ്ഞത്. കുന്നംകുളത്ത്, ഞങ്ങളുടെ ഒരു പാർട്ടി പ്രവർത്തകനായ ശ്രീ. സുജിത്തിനെ അടിച്ച് കരണം പൊട്ടിച്ചപ്പോൾ ഒന്ന് നോക്കാൻ പോലും അങ്ങേക്ക് സമയം കിട്ടിയില്ലല്ലോ; അങ്ങ് മന്ത്രിയായിരുന്ന ആളല്ലെ? അങ്ങയുടെ മണ്ഡലത്തിലുള്ള പാവപ്പെട്ട ചെറുപ്പക്കാരനായ ശ്രീ. സുജിത്ത് എന്ന വ്യക്തിയെ സ്റ്റേഷനിൽ കൊണ്ടുവന്ന് അടിച്ച് തകർത്ത് അയാളുടെ ചെവിക്കരണം മുഴവൻ പൊട്ടിക്കുകയും മാത്രമല്ല... (ബഹളം).... അദ്ദേഹം രണ്ടര വർഷം പോരാടിയാണ് സി.സി.ടി.വി. ദൃശ്യം കോടതിയിൽ

ഹാജരാക്കി അവസാനം പൊലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യേണ്ടിവന്നത്. അവിടെയാണ് പൊലീസിന്റെ അതിക്രമമുണ്ടായത്. അങ്ങ് പഴയകാര്യം ഓർത്തുകൊണ്ടാണ് ഇത് പറയുന്നത്. കേരളത്തിൽ ഒരു അതിക്രമവും പൊലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല, ഉണ്ടായാൽ അവരെ സംരക്ഷിക്കുന്ന ഗവൺമെന്റ് അല്ല ഇത്; ഞങ്ങൾ നടപടി സ്വീകരിക്കുമെന്നതിൽ ഒരു സംശയവും വേണ്ട. ഏതായാലും അഞ്ചുമാസം കൊണ്ട് കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രിക്ക് പൊലീസിനെ ഇങ്ങനെയൊരു കുഴപ്പക്കാരുടെ സേനയാക്കി മാറ്റാൻ കഴിയില്ലല്ലോ? കേവലം അഞ്ചുമാസം കൊണ്ട് കേരളത്തിലെ പൊലീസ് സേനയുടെ മുഴുവൻ കുറ്റകൃത്യങ്ങൾക്കും നേതൃത്വം കൊടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കുന്നൊരാളാണ് ഞാൻ എന്നത് ശ്രീ. എ. സി. മൊയ്തീൻ പറഞ്ഞതിൽ എനിക്ക് വിഷമമുണ്ട്. അങ്ങത് പറയാൻ പാടില്ലായിരുന്നു. ഇക്കാര്യങ്ങളെല്ലാം അറിയാവുന്ന ഒരാളാണെന്നാണ് ഞാൻ കരുതിയത്. നെടുമ്പാശ്ശേരിയുടെ കാര്യം സഭയിൽ അങ്ങ് സൂചിപ്പിച്ചു. നെടുമ്പാശ്ശേരിയിൽ ആ സംഭവം ഉണ്ടായപ്പോൾ എത്ര ഗൗരവത്തോടെയാണ് പൊലീസ്

ഇടപെടുകയും അറസ്റ്റ് ഉണ്ടാകുകയും ചെയ്തത്. അറസ്റ്റ് ചെയ്ത വ്യക്തി നാല് ബാറുകളിൽ കയറി മദ്യപിച്ചതിന്റെ തെളിവുണ്ട്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ഇവിടെയുണ്ട്. ആ ബാറുകൾക്കെതിരെ ശക്തമായ നടപടി അപ്പോൾതന്നെ സ്വീകരിച്ചു. പ്രതിക്കെതിരെ ചുമത്താവുന്ന ഏറ്റവും കൂടുതൽ വകുപ്പുകൾ ചുമത്തി. പ്രതി 160 കി.മീ. വേഗത്തിൽ വാഹനമോടിച്ച സി.സി.ടി.വി. ദൃശ്യങ്ങളുൾപ്പെടെ മുഴുവൻ വിവരങ്ങളും പുറത്തുകൊണ്ടുവരികയും അന്വേഷണ ചുമതല ഡി.വൈ.എസ്.പി.-യെ ഏല്പിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പംതന്നെ ആ കുടുംബവുമായി ഞാൻ നേരിട്ട് സംസാരിച്ചു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും സംസാരിക്കുകയുമുണ്ടായി. മാത്രമല്ല, ഓവറോൾ സൂപ്പർവിഷനുവേണ്ടി ശ്രീമതി ആർ. നിശാന്തിനി ഐ.പി.എസ്.-നെ ചുമതലപ്പെടുത്തി. ഇതുസംബന്ധിച്ച് പൊലീസ് സേനയിൽ ചെയ്യാൻകഴിയുന്ന മുഴുവൻ കാര്യങ്ങളും ചെയ്തു. ഇതുവരെയും പ്രതിക്ക് ജാമ്യം ലഭിച്ചിട്ടില്ല. ഇതിൽകൂടുതൽ എന്ത് ചെയ്യാൻ കഴിയും? പൊലീസ് എന്തുചെയ്യണം പറയൂ; എന്ത് വീഴ്ചയാണ് ഇവിടെയുണ്ടായത്? ഇക്കാര്യത്തിൽ

എം.എൽ.എ.-യും മറ്റാരും ഇടപെട്ടിട്ടില്ല. ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, വാഹനമിടിച്ച് ഒരാൾ മരിച്ചാൽ ഉടൻതന്നെ എം.എൽ.എ.-മാർ ഇടപെട്ടു, ഡെപ്യൂട്ടി സ്പീക്കർ ഇടപെട്ടു, തുടങ്ങിയ മാധ്യമ പ്രചരണങ്ങൾ ഉണ്ടാകുന്നത് തെറ്റായ കാര്യമാണ്. എനിക്ക് വളരെ വേദനയുണ്ടായി. വാഹനം ഇടിച്ച് മരിച്ചാൽ ആരാണ് ഇടപെടാൻ പോകുന്നത്, ഏത് എം.എൽ.എ. ഇടപെടാൻ പോകും? അപ്രകാരമുള്ള വാർത്തകൾ വളരെ ശ്രദ്ധയോടെയാകണം മാധ്യമങ്ങൾ നൽകേണ്ടത്. ഇന്നലെ വേങ്ങരയിൽവച്ചുണ്ടായ വാഹനാപകടത്തിൽപ്പെട്ട് യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന സെക്രട്ടറിയും അധ്യാപകനുമായ ഷറഫുദ്ദീൻ മരണപ്പെടുകയുണ്ടായി. അദ്ദേഹം സ്കൂട്ടറിൽ സഞ്ചരിക്കവെ, വാഹനം ഇടിച്ച് തൽക്ഷണം മരണപ്പെടുകയുമാണ് ചെയ്തത്. നമ്മുടെ നാട്ടിൽ drunken driving വലിയൊരു പ്രശ്നമായി മാറിയിരിക്കുകയാണ്. ഇത്തരത്തിലുള്ള 14000 പേരെയാണ് കഴിഞ്ഞ നാല് ദിവസത്തിനുള്ളിൽ പൊലീസ് പിടികൂടിയത്. മദ്യപിച്ചും മയക്കുമരുന്ന് ഉപയോഗിച്ചും വാഹനമോടിക്കുകയാണ്. ഗൾഫ് നാടുകളിൽ വാഹനമോടിക്കുന്ന വ്യക്തി മദ്യപിച്ചാൽ പിന്നെ ആ വ്യക്തി

വാഹനമോടിക്കില്ല, തൊട്ടടുത്തിരിക്കുന്ന വ്യക്തിയോട് വാഹനമോടിക്കാൻ പറയും. ഗൾഫ് രാജ്യങ്ങളിൽ കർശനമായ നിയന്ത്രണവും നിയമവും ഉണ്ട്. നമ്മളുടേത് ജനാധിപത്യ രാജ്യമായതിനാൽ അത്തരം നിയമങ്ങൾ നമുക്ക് പറ്റില്ല. എന്നാൽ മദ്യപിച്ച് വാഹനമോടിക്കുന്നവരുടെമേൽ കർശന നടപടിയെടുക്കാനാണ് കേരള പൊലീസ് തീരുമാനമെടുത്തിട്ടുള്ളത്. എന്തെല്ലാം മാറ്റങ്ങൾ വരുത്തണം എന്നതുസംബന്ധിച്ച് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. സി. പി. ജോണുമായി ഞാൻ ഇന്നലെ സംസാരിച്ചു. Drunken driving ചെയ്യുന്ന ആളുകൾ ഒരു മര്യാദയുമില്ലാതെ കാൽനടയാത്രക്കാരെയും സ്കൂട്ടർ യാത്രക്കാരെയും ഇടിച്ച് കൊല്ലുകയുമാണ്. ഇതൊന്നും ഞങ്ങളുടെ കാലത്തുണ്ടായതല്ല ശ്രീ. എ.സി. മൊയ്തീൻ, ഇത് ആരുടേയും കുറ്റം കൊണ്ടല്ല, കുറേക്കാലമായി നാട്ടിൽ നടക്കുന്നതാണ്. നമ്മുടെ നാട്ടിലെ ആളുകൾ ട്രാഫിക് നിയമങ്ങൾ പാലിക്കാതെ റാഷ് ഡ്രൈവിങ് നടത്തുന്നു, മദ്യപിച്ചും മയക്കുമരുന്ന് ഉപേയാഗിച്ചു വാഹനമോടിക്കുന്നു. ഇതിനെല്ലാം നിയന്ത്രണം ആവശ്യമാണ്. നിയന്ത്രണമേർപ്പെടുത്തുമെന്ന കാര്യത്തിൽ ഒരു

സംശയവുംവേണ്ട. ചേരാനല്ലൂരിലുണ്ടായ വാഹനാപകടം കാരണം ഇന്നലെ രാത്രി എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. മൂന്ന് മണിവരെ ഞാൻ ഉണർന്നിരുന്നു. വേറൊന്നും കൊണ്ടല്ല, സ്റ്റേഷന് മുന്നിലുള്ള സമരവും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും എനിക്ക് വലിയ വേദനയുണ്ടാക്കി. ആര് ഇടിച്ചുവെന്നുള്ളതല്ല, ഒരു പാവപ്പെട്ട മനുഷ്യൻ വാഹനമിടിച്ച് മരണപ്പെടുകയും ആ ചിത കെട്ടടങ്ങുന്നതിന് മുമ്പുതന്നെ പ്രതിയായ കുട്ടിക്ക് ജാമ്യം ലഭിച്ചുവെന്നത് വേദനാജനകമാണ്. എന്റെ മാത്രമല്ല, കേരളത്തിലെ എല്ലാ ജനങ്ങളുടേയും മനസ്സിലുള്ളൊരു കാര്യമാണ്. അക്കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നലെ സഭയിൽ ഉന്നയിച്ചു. ഞാനതിന് ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ, ഒരു പണക്കാരനും സ്വാധീനം ചെലുത്താൻ ഈ ഗവൺമെന്റ് സമ്മതിക്കില്ല, ജഡ്ജിയല്ല ആരാണെങ്കിലും ശരി. ഈ വിഷയത്തിൽ ജഡ്ജി ചെയ്ത വലിയൊരു തെറ്റ് എന്തെന്നാൽ, ഔദ്യോഗിക കാര്യങ്ങൾക്കല്ലാതെ ഒരു ജഡ്ജി പൊലീസ് സ്റ്റേഷനിൽ പോകാൻ പാടില്ലെന്ന നിയമമുണ്ട്. എങ്ങനെയാണ് അദ്ദേഹം പൊലീസ് സ്റ്റേഷനിൽ

പോയത്? തന്നെയുമല്ല മരിച്ച വ്യക്തിയുടെ മകൾ കാര്യങ്ങൾ തിരക്കിയപ്പോൾ അവരോട് പൊട്ടിത്തെറിക്കുകയാണ്. His behaviour was so rude. സ്വന്തം അച്ഛന്റെ മരണത്തെപ്പറ്റി അന്വേഷിക്കാൻ പൊലീസ് സ്റ്റേഷനിൽ എത്തിയ മകളോട് ജഡ്ജി വളരെ മോശമായാണ് പെരുമാറിയത്. അതൊന്നും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ലാത്തുകൊണ്ടാണ് ജഡ്ജിയുടെ പേരിൽ കേസ്സെടുത്തത്. മാത്രമല്ല കൂട്ടി മൈനർ ആയതുകൊണ്ട് വാഹന ഉടമയുടെ പേരിൽ കേസ്സെടുത്ത് ഹൈക്കോടതി രജിസ്ട്രാറെ അറിയിച്ചിരിക്കുകയാണ്. ശ്രീ. എ. സി. മൊയ്തീൻ, ഒരു ഗവൺമെന്റിനോ പൊലീസിനോ ഇതിൽക്കൂടുതൽ എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് എനിക്കറിയില്ല. ഈ പാവപ്പെട്ട മനുഷ്യന്റെ കുടുംബത്തെ സംരക്ഷിക്കാനുള്ള സാധ്യമായ മുഴുവൻ കാര്യങ്ങളും ഈ ഗവൺമെന്റ് ചെയ്യുമെന്ന് ഞാൻ അങ്ങയിലൂടെ ഈ സമൂഹത്തിന് ഉറപ്പ് നൽകാൻ ആഗ്രഹിക്കുകയാണ്. നീതിയും നിയമവും ആണ് പാവപ്പെട്ടവരുടെ ഏക ആശ്രയം. ആ നീതിയും നിയമവും പരിപാലിക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ചുമതല. ഞങ്ങൾക്ക് തെറ്റ് പറ്റിയിട്ടുണ്ടെങ്കിൽ ആ തെറ്റ്

സ്വയം സമ്മതിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ ഇക്കാര്യത്തിൽ ഒരു തെറ്റും ഞങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ഏതെങ്കിലുമൊരു പോലീസ് ഉദ്യോഗസ്ഥൻ, എസ്.എച്ച്.ഒ. തെറ്റ് ചെയ്താൽ അയാളെ സംരക്ഷിക്കില്ല, നടപടിയുണ്ടാകും. അതുകൊണ്ടാണ് ഇന്നലെ വൈകുന്നേരം ഞാൻ എ.ഡി.ജി.പി.-യോട് അവിടെ സന്ദർശിക്കാൻ നിർദ്ദേശിച്ചത്. അദ്ദേഹം അവിടെ പോയിട്ടുണ്ട്, അന്വേഷിക്കട്ടെ. കുറ്റകൃത്യം നടത്തിയതാരാണെങ്കിലും അവരുടെ പേരിൽ ഇന്നതന്നെ നടപടിയുണ്ടാകുമെന്ന് ഞാനിവിടെ പറയാൻ ആഗ്രഹിക്കുകയാണ്. പ്രസ്തുത വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. നാട്ടിൽ യാതൊരു സമാധാന ലംഘനമോ പൊലീസ് അതിക്രമമോ ഉണ്ടാകില്ല. അതിക്രമം നടത്തുന്നത് ആരാണെങ്കിലും ‘ they will face the music’ എന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഇവിടെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ചട്ടം 50

പ്രകാരമുള്ള നോട്ടീസിന് അവതരണാനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

ശ്രീ. പിണറായി വിജയൻ: സർ, ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തെ സംബന്ധിച്ച് ആദ്യമേതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ഉന്നയിച്ച കാര്യം ഇതെന്തോ അസാധാരണമായ രീതിയാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നതെന്നാണ്. ഉപക്ഷേപ അവതാരകൻ നൽകിയ നോട്ടീസിൽ കൃത്യമായി പറയുന്നുണ്ട്; പൊലീസ് സേനയിൽ വർധിച്ചുവരുന്ന അക്രമവാസനയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരപരാധികളായ ആൾക്കാരെ മർദിച്ച് പരിക്കേൽപ്പിക്കുന്നു. ഇതാണ് ഇതിന്റെ ആമുഖമായി പറഞ്ഞിട്ടുള്ള കാര്യം. അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി കാര്യങ്ങളിവിടെ വിശദീകരിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ വിശദീകരണം ഒതുക്കിയത് മറ്റ് സംഭവങ്ങളെക്കുറിച്ചല്ല, രണ്ട് പ്രധാനപ്പെട്ട ആക്സിഡന്റുകളെക്കുറിച്ചാണ്. അതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച

നടപടികൾ സംബന്ധിച്ചാണ് അദ്ദേഹം പ്രധാനമായും വിശദീകരിച്ചത്. ഇവിടെ ഓർമ്മിക്കേണ്ട ഒരു കാര്യം, നെടുമ്പാശ്ശേരി വാഹനാപകടമുണ്ടായപ്പോൾ അതുമായി ബന്ധപ്പെട്ട് ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി സഭയിൽ വളരെ വിശദമായി കാര്യങ്ങൾ വ്യക്തമാക്കിയതായിരുന്നു. അത് അങ്ങും ഓർക്കുന്നുണ്ടാകും. ഈ സഭയിൽമാത്രമല്ല, കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രി പൊതുവായി ഒരുകാര്യം പറയുന്നത് ഒരു പ്രത്യേക സ്ഥലത്ത് മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. ഇതുമായി ബന്ധപ്പെട്ടവർക്കെല്ലാമുള്ള സന്ദേശമായാണ് കണക്കാക്കേണ്ടത്. സ്വാഭാവികമായും ആ സന്ദേശം തെറ്റുചെയ്ത, ചുമതലകൾ കൃത്യമായി നിർവഹിക്കാത്ത പൊലീസ് ഉദ്യോഗസ്ഥർക്കുള്ള സന്ദേശമായാണ് മാറുന്നത്. നെടുമ്പാശ്ശേരി സംഭവത്തിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി വളരെ ഗൗരവമായും ശരിയായ രീതിയിലുമാണ് നിലപാടെടുത്തിരുന്നത്. അതിന്റെ ഫലം എന്താണെന്നാണ് നാം ചിന്തിക്കേണ്ടത്. ആഭ്യന്തര വകുപ്പുമന്ത്രി അത്തരമൊരു നിലപാടെടുത്തിട്ടും തൊട്ടുപിന്നാലെ പൊലീസിന്റെ

മനോഭാവത്തിൽ എന്തെങ്കിലും മാറ്റമുണ്ടായോ; പൊലീസ് നേരത്തെയുള്ളതിനെക്കാളും....., ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ചേരാനല്ലൂരിനെപ്പറ്റി ഇവിടെ പറയുമ്പോൾ കൂടുതൽ വികാരഭരിതനായാണ് സംസാരിച്ചത്. എന്താണ് പൊലീസ് സേനയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്; ഇത് ഗൗരവമായി കാണേണ്ടതല്ലേ; ഇതാണ് ഗൗരവമായ വിഷയം. കേരളത്തിലെ പൊലീസ് വകുപ്പിന്റെ തലപ്പത്ത് ഇരിക്കുന്ന എല്ലാവർക്കുമുള്ള സന്ദേശമായാണ് ആഭ്യന്തര വകുപ്പുമന്ത്രിയുടെ വാക്കുകൾ എത്തുന്നത്. എന്നാൽ അത് ഒരുകൂട്ടർക്ക് ബാധകമേയല്ലെന്ന നിലപാടാണ് സ്വീകരിക്കുന്നത്. അവിടെയാണ് സമ്പന്നരും സ്വാധീനമുള്ളവരും പ്രത്യേക കാറ്റഗറി, പാവപ്പെട്ടവർ മറ്റൊരു കാറ്റഗറി. അതിനോടൊന്നും സർക്കാരിന് യോജിപ്പില്ലായെന്ന് പറഞ്ഞു. പക്ഷേ ഇത് ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുകയും നാട്ടിലുണ്ടായികൊണ്ടിരിക്കുകയുമാണല്ലോ; അപ്പോൾ ഇക്കാര്യം നമ്മൾ ഗൗരവമായി കാണേണ്ടതുണ്ട്.

സാധാരണക്കാർക്ക് നീതിനിഷേധം ഉണ്ടാകാൻ പാടില്ല. ഇവിടെ

ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യം, ഈ രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നതെങ്കിൽ നമ്മുടെ നാട് സമ്പൂർണ്ണ അരാജകത്വത്തിലേക്ക് നീങ്ങുകയും വലിയതോതിലുള്ള ക്രമസമാധാന ലംഘനത്തിലേക്ക് കാര്യങ്ങൾ എത്തുകയും ചെയ്യും. അത് ഗൗരവമായി കണ്ടുകൊണ്ടുള്ള ഇടപെടലുകളാണ് ഉണ്ടാകേണ്ടത്. ഇവിടെ സാധാരണക്കാർക്കുനേരെ കേട്ടുകേൾവിയില്ലാത്ത അതിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. നീതിനിഷേധം അതിന്റെയെല്ലാം ഭാഗമാണ്. ചേരാനല്ലൂർ വാഹനാപകടത്തിൽ മരിച്ചയാളുടെ കുടുംബത്തെ ആശ്വസിപ്പിക്കാൻ ഞാൻ വിളിക്കുമ്പോൾ അദ്ദേഹത്തിന്റെ മകനും മകളുമാണ് അവിടെയുണ്ടായിരുന്നത്. ആഭ്യന്തര വകുപ്പുമന്ത്രിയെ കുറ്റപ്പെടുത്തിയല്ല ഞാൻ അവരെ സമാധാനിപ്പിക്കാൻ ശ്രമിച്ചത്, അദ്ദേഹം ഇക്കാര്യങ്ങൾ സഭയിൽ കൃത്യമായി പറഞ്ഞിട്ടുണ്ടെന്നും നടപടികൾ കൃത്യമായി സ്വീകരിക്കുമെന്നുമാണ് ഞാൻ അവരെ സമാധാനിപ്പിച്ചത്. അവർ വികാരാധീനരായി എന്നോട് പറഞ്ഞ കാര്യങ്ങൾ ഞാനിവിടെ പറയുന്നില്ല. ഇവിടെ പറഞ്ഞ മൂന്ന് കാര്യങ്ങൾ ആ സമയത്ത് ഉന്നയിക്കുകയും ചെയ്തു.

ഞങ്ങൾക്കും സമ്പന്നർക്കും ഇരട്ടനീതിയാണോയെന്ന് ആ കുട്ടി ചോദിച്ചത് അച്ഛന്റെ ചിതയടങ്ങുന്നതിന് മുമ്പാണ്. എന്തൊരവസ്ഥയാണിത്; അങ്ങേയറ്റം വേദനാജനകവും അപമാനകരവുമായ കാര്യമാണ് ഇവിടെ സംഭവിച്ചിട്ടുള്ളത്. ജയബാലകൃഷ്ണന്റെ മകന്റെ പ്രതികരണത്തിൽ വികാരാധീനമായ വാക്കുകളുണ്ടാകും. പക്ഷേ എത്രമാത്രം അവിശ്വാസമാണ് പൊലീസിനെതിരെ രേഖപ്പെടുത്തുന്നത്. അതൊക്കെ നമ്മൾ കേട്ടില്ലേ; ആ പ്രതികരണത്തിലെ വികാര തീവ്രത നമുക്ക് മാറ്റിവയ്ക്കാം. അതിൽ ചില അപാകതകൾ നമുക്ക് കാണാൻ സാധിക്കുമായിരിക്കും. പൊലീസിലുള്ള വിശ്വാസം നഷ്ടപ്പെട്ട രീതിയിലാണ് ആ ചെറുപ്പക്കാരൻ സംസാരിക്കുന്നത്. അത്തരമൊരു നിലയുണ്ടാകുന്നത് എങ്ങനെയാണ്; അതും നെടുമ്പാശ്ശേരി അപകടത്തിനുശേഷമാകുമ്പോൾ ഇക്കാര്യങ്ങൾ ഒരു മാറ്റവുമില്ലാതെ തുടരുന്നുവെന്നല്ലേ കാണേണ്ടത്. സഭയിൽ അങ്ങ് നൽകുന്ന ഉറപ്പ് അല്ലെങ്കിൽ പരസ്യമായി പറയുന്നൊരു കാര്യം പൊലീസുകാർക്കെല്ലാം ബാധകമാണ്. സാന്ദർഭികമായ ഒരു കാര്യം ഓർമ്മിപ്പിക്കാം, അങ്ങ് ഇവിടെ അവതരിപ്പിച്ച സഭ നിർത്തിവയ്ക്കാനുള്ള ഒരു ഉപക്ഷേപത്തിന്റെ

ചർച്ചാവേളയിൽ ഞാൻ ഉന്നയിച്ച കാര്യത്തിന് അങ്ങ് നൽകിയ മറുപടി, വിദ്യാർഥികളുടെ തലയ്ക്ക് അടിക്കില്ലായെന്നാണ്. വിദ്യാർഥികളുടെ തലയ്ക്ക് അടിക്കുന്ന പരിപാടിയുണ്ടാകില്ലായെന്ന് അസന്നിഗ്ധമായി പ്രഖ്യാപിച്ചശേഷവും സംഭവങ്ങൾ നടന്നില്ലേ; അങ്ങയുടെ വാക്ക് അംഗീകരിക്കേണ്ട പൊലീസുകാർ അത് അംഗീകരിക്കുന്നില്ലായെന്നത് ഗൗരവമായി കാണേണ്ടതല്ലേ; അതൊരു പ്രധാന വിഷയമായതിനാൽ ഗൗരവമായി കാണേണ്ടതുണ്ട്. വർക്കലയിൽ പൊലീസ് മർദനത്തിന് ഇരയായ 17 വയസ്സുകാരൻ മുഹമ്മദ് റഹാന്റെ കാര്യം ഇവിടെ പറയുകയുണ്ടായി. മറ്റൊരാളെ അന്വേഷിച്ചെത്തിയ പൊലീസ് മുഹമ്മദ് റഹാനെ പിടിക്കൂടി ബൂട്ടിട്ട കാലുകൊണ്ട് ചവിട്ടുകയും കാലിന്റെ എല്ല് ഒടിയുന്ന അവസ്ഥയുണ്ടാകുന്നു. കുട്ടിയെ പൊലീസ് ജീപ്പിലേക്ക് എടുത്തെറിഞ്ഞുവെന്നാണ് റിപ്പോർട്ടുകളിൽ പറയുന്നത്. മാത്രമല്ല, ഉമ്മയേയും ബാപ്പയേയും പ്രതിയാക്കുമെന്ന് പൊലീസ് ഭീഷണിപ്പെടുത്തിയെന്നും വാർത്തകൾ വന്നിട്ടുണ്ട്. സമാനരീതിയിൽ ആളുമാറി അടൂരിലുള്ള അഫ്സൽ എന്ന വ്യക്തിയെയും അറസ്റ്റ് ചെയ്ത

സംഭവമുണ്ടായി. അഫ്സലിനെയല്ല പൊലീസിന് വേണ്ടത്, ആള് മാറി അറസ്റ്റ് ചെയ്തതാണ്. കസ്റ്റഡിയിലെടുത്ത ചെറുപ്പക്കാരനെ പൊലീസ് ഭീകരമായി മർദിക്കുകയും തടയാനെത്തിയ അമ്മയെ ആക്രമിക്കുകയും ചെയ്യുന്ന അവസ്ഥയാണുണ്ടായത്. നിരപരാധിയായ ചെറുപ്പക്കാരന് ഇത്തരത്തിൽ ഭീകരമായ തല്ല് കൊള്ളേണ്ടി വരികയും ഒരു ദിവസം പൊലീസ് കസ്റ്റഡിയിൽ കഴിയുകയും പിന്നീട് പ്രതിയല്ലെന്ന് ബോധ്യപ്പെട്ട് വിട്ടയയ്ക്കുകയും ചെയ്യുന്നു. അവിടെ ഭീകരമായ മർദനം ഈ ചെറുപ്പക്കാരന് ഏൽക്കേണ്ടിവരികയാണ്. അത് ഗൗരവമായ കാര്യമല്ലേ; നമ്മുടെ നാട്ടിൽ സംഭവിക്കാൻ പാടില്ലാത്തതാണ്. ചിറയിൻകീഴിലെ സജി (43) എന്നയാൾ ചെയ്ത കുറ്റം എന്തായിരുന്നു; ഹൃദ്രോഗിയായ വിഷ്ണുശ്വരൻ എന്ന വ്യക്തിയെ ഒരു കേസുമായി ബന്ധപ്പെട്ട് പൊലീസ് പിടിച്ചുകൊണ്ടുപോകുകയും മർദിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഹൃദ്രോഗത്തെക്കുറിച്ച് അറിയാവുന്ന സജി, അദ്ദേഹം ഹൃദ്രോഗിയാണ്, അദ്ദേഹത്തെ തല്ലരുതേ എന്നുപറഞ്ഞ് തടയാൻ ശ്രമിച്ചതാണ് സജി ചെയ്ത കുറ്റം. 'ഇതുപറയാൻ നീയാരാടാ' എന്ന് സ്വാഭാവികമായ സമീപനം പൊലീസിന്റെ ഭാഗത്തുനിന്നുണ്ടാകുകയും

ഭീകരമായി മർദിക്കുകയും ചെയ്തു. ആ ഭീകര മർദനത്തിന്റെ ഇരയായ അദ്ദേഹം ദിവസങ്ങൾക്കം മരണപ്പെടുകയും ചെയ്തു. നമ്മുടെ നാട്ടിൽ നടക്കുന്ന ഇത്തരം കാര്യങ്ങൾ മാതൃഭൂമി ദിനപത്രത്തിൽപോലും റിപ്പോർട്ട് കൊടുക്കേണ്ടിവരികയാണ്. (പത്ര കട്ടിങ് ഉയർത്തിക്കാട്ടി)

കൊല്ലം ജില്ലയിൽ ഇന്നലെ നടന്ന സംഭവം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലുണ്ടാകും. ഈ വിഷയം മാധ്യമ വാർത്തയിൽ വന്നത് ഇങ്ങനെയാണ്. മൂവി എഡിറ്റിങ് വിദ്യാർഥിയും ഫ്രീലാൻസ് ഫോട്ടോഗ്രാഫറുമായ അഭിഷേക് (23) എന്ന ചെറുപ്പക്കാരൻ കാറിൽ സഞ്ചരിച്ചപ്പോൾ പൊലീസ് സിനിമാ സ്റ്റൈലിൽ വണ്ടി തടയുകയും പൊലീസ് ഡ്രൈവർ പിടിച്ചുവയ്ക്കുകയും പൊലീസുകാരൻ ഇടിക്കുകയും ഇടതുവശത്തെ കണ്ണിന് ഭയങ്കരമായ പരിക്കേൽപ്പിക്കുകയും അടിച്ച് തകർക്കുകയും ചെയ്ത സ്ഥിതിയാണ്. പുത്തൂർ സി.ഐ. മർദിച്ചുവെന്നാണ് വാർത്ത വന്നത്. ഇതിന്റെ മറ്റൊരു ഭാഗം, ഗുരുതരമായി പരിക്കേറ്റ ചെറുപ്പക്കാരനെ കൊട്ടാരക്കര താലൂക്കാശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോൾ, ഡോക്ടറോട് മർദനവിവരം പറയരുതെന്നും സി.ഐ.

എന്തു പണിയും ചെയ്യുമെന്നും അതൊന്നും താങ്ങാൻ നിനക്കാവില്ലെന്നും ആ ചെറുപ്പക്കാരനെ പൊലീസുകാർ ഭീഷണിപ്പെടുത്തുകയാണ് ചെയ്തത്. നമ്മുടെ നാട്ടിലെ പൊലീസ് ഇത്തരത്തിൽ നീങ്ങുന്നത് ഗൗരവമായി കാണേണ്ടതല്ലേ; അങ്ങ് പറഞ്ഞ വാക്കുകൾക്ക് അനുസൃതമാണോ ഇക്കാര്യങ്ങൾ നടക്കുന്നത്; അങ്ങയുടെ നയം ഇത്, ഗവൺമെന്റിന്റെ നയം ഇത്. ഇതൊക്കെ നല്ലതാണ്. പക്ഷേ പൊലീസിന് എന്തുമാകാമെന്ന തോന്നലുണ്ടാകുന്നത് എങ്ങനെയാണ്; ഇതൊക്കെ എവിടെനിന്നാണ് വരുന്നത്; അതാണ് ഗൗരവമായി കാണേണ്ടത്. ഇത്തരം വിഷയങ്ങൾ സംസ്ഥാന വ്യാപകമായി നടക്കുകയാണ്. പൊലീസ് അതിക്രമം ഒരുതരത്തിലും നമുക്ക് പ്രോത്സാഹിപ്പിക്കാൻ സാധിക്കുന്നതല്ല. അങ്ങ് പറയുന്നത് നല്ല വാക്കുകളാണ്, ഇവിടെ കേട്ടതും നല്ല വാക്കുകളാണ്. പക്ഷേ ആ വാക്കുകൾക്കനുസരിച്ച് പൊലീസ് പ്രവർത്തിക്കുമെന്നതിന് ഉറപ്പുണ്ടാക്കുന്നതാണ് ഏറ്റവും പ്രധാനം. അക്കാര്യം അങ്ങ് പ്രധാനമായും ശ്രദ്ധിക്കണം. അക്രമവാസന നിയന്ത്രിക്കുന്ന അവസ്ഥയുണ്ടാകണം. ബഹുമാനപ്പെട്ട ഹൈക്കോടതി ഉൾപ്പെടെയുള്ളവരുടെ വിമർശനങ്ങൾ

ഏറ്റവാങ്ങുന്നുണ്ടെന്ന് ഓർക്കണം. നമ്മുടെ നാട്ടിലാകെ ഇതുമായി ബന്ധപ്പെട്ട പരാതികൾ ഉയർന്നുവരുന്നുണ്ട്. ഇത്തരമൊരു ഘട്ടത്തിൽ കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങൾ അനുസരിക്കാത്ത പൊലീസ് സേനയുടെ നിലപാട് ഗൗരമായി നാം ചർച്ച ചെയ്യേണ്ടതായിരുന്നു. അത് ചർച്ച ചെയ്യുന്നതിന്റെ ഭാഗമായി കൂറെക്കൂടി ഫലമുണ്ടാകുമായിരുന്നു എന്നാണ് തോന്നുന്നത്. ഏതായാലും അങ്ങയുടെ വാക്കുകൾ അതുപോലെ നടപ്പാകണമെന്നാണ് ഞങ്ങളെല്ലാവരും ആഗ്രഹിക്കുന്നത്. ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഒരു നിലപാട് ഗവൺമെന്റ് സ്വീകരിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷികളും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി)

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി വളരെ വികാരത്തോടെ മറുപടി പറയുകയുണ്ടായി. ഈ മന്ത്രിസഭയിലെ ഏത് മന്ത്രിയെക്കാളും ജനങ്ങൾ ഇഷ്ടപ്പെടുന്ന ഒരു മന്ത്രിയാണ് അദ്ദേഹം. പക്ഷേ

അദ്ദേഹം പറയുന്ന കാര്യങ്ങൾ പൊലീസ് സേനയിൽ നടക്കുന്നില്ല എന്നതിന്റെ നിരവധി ഉദാഹരണങ്ങളാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ചത്. ഇവിടെ എന്താണ് നടക്കുന്നതെന്നാണ് ആഭ്യന്തര വകുപ്പുമന്ത്രി ചോദിച്ചത്. മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ സംബന്ധിച്ച് ആഭ്യന്തര വകുപ്പുമന്ത്രി വ്യത്യസ്തമായിട്ടുള്ള ഒരു പ്രസ്താവനയാണ് ഇവിടെ നടത്തിയത്. 5 മാസത്തിനുമുമ്പ് കേരളത്തിൽ യു.ഡി.എഫ്.-നെ അധികാരത്തിൽ കൊണ്ടുവരാൻ അങ്ങേയറ്റം പ്രവർത്തിച്ച മാധ്യമങ്ങളാണ് ഇപ്പോൾ അടിക്കടി ഉണ്ടാകുന്ന ഇത്തരം സംഭവങ്ങൾ പുറത്തുകൊണ്ടുവരുന്നത്. അതുസംബന്ധിച്ച് പ്രതിപക്ഷനേതാവ് നേരത്തെ പറഞ്ഞതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. എന്നാൽ ആഭ്യന്തര വകുപ്പുമന്ത്രിക്കുൾപ്പെടെ അറിയാവുന്ന, അഡീഷണൽ അഡ്വക്കേറ്റ് ജനറലായിരുന്ന, ശ്രീ. കെ. പി. ജയചന്ദ്രനെ കഴിഞ്ഞദിവസം വഞ്ചിയൂർ കോടതിക്ക് മുമ്പിൽവച്ച് ആക്രമിച്ച ഒരു പൊലീസുകാരന്റെ നിലപാടിനെ/നടപടിയെ സംബന്ധിച്ച് വ്യക്തമായ പരാതി നൽകിയിട്ടും ഇതുവരെയും നടപടി സ്വീകരിച്ചില്ല. സാധാരണക്കാർക്കോ അല്ലെങ്കിൽ

മാന്യമായി കഴിയുന്ന ആളുകൾക്കോ നീതി ലഭിക്കുന്നില്ല എന്ന തരത്തിലുള്ള നിരവധി സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇത്തരം വിഷയങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ മനസ്സ് പറയുന്നതിനനുസൃതമായി ആഭ്യന്തര വകുപ്പിനെയും പ്രവർത്തിപ്പിക്കാൻ കഴിയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുകൊണ്ടാണ് ഈ വിഷയം ഇവിടെ ചർച്ച ചെയ്യണമെന്ന് ഞങ്ങളാവശ്യപ്പെട്ടത്. ഈ ചർച്ച അനുവദിക്കാത്ത സാഹചര്യത്തിൽ ഞാനും എന്റെ കക്ഷികളും ഈ നിലപാടിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ജി. ആർ. അനിലും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. പ്രവീൺ: സർ, പൊലീസ് സേനയിൽ വർധിച്ചുവരുന്ന അക്രമവാസനയും സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നിരപരാധികളായ ആൾക്കാരെ മർദിച്ചും പരിക്കേല്പിച്ചും ചില വിഭാഗങ്ങൾക്കുമാത്രം മൃദുസമീപനം നടത്തുന്ന പൊലീസ് സേനയ്ക്കെതിരെയാണ് ഇങ്ങനെയൊരു

സഭ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം കൊണ്ടുവന്നത്. സമാനമായ നിരവധി വിഷയങ്ങൾ നടക്കുകയാണെന്ന് നമുക്ക് കാണാൻ സാധിക്കും. ആഭ്യന്തര വകുപ്പിനെ ആരോപണ വിധേയരാക്കാൻ ആരോ ഇതിൽ കളിക്കുന്നുണ്ടോ എന്നുപോലും സംശയമാണ്. ചില പൊലീസ് ഉദ്യോഗസ്ഥന്മാരാണ് ഇത് നടപ്പിലാക്കി മുന്നോട്ടുവരുന്നത്.

2008-ൽ ആഭ്യന്തരവകുപ്പുമന്ത്രിയായ കോടിയേരി ബാലകൃഷ്ണൻ ജനമൈത്രി പൊലീസ് എന്ന പദ്ധതി നടപ്പാക്കിയതോടെയാണ് പൊലീസും പൊതുജനങ്ങളുമായി ഏറ്റവും കൂടുതൽ ബന്ധം സൃഷ്ടിച്ചുവന്നത്. ഇതിലൂടെ പൊതുജനങ്ങളും പൊലീസും തമ്മിലുള്ള പരസ്പരവിശ്വാസവും കമ്മ്യൂണിറ്റി പൊലീസിങ്ങും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. അവിടെയാണ് ഇപ്പോൾ കോട്ടം തട്ടി മുമ്പോട്ടുവരുന്നത്. പൊലീസാക്രമണം ഉണ്ടാകുമ്പോഴും ആഭ്യന്തരവകുപ്പ് നിർദേശം നൽകിയിട്ടും കേൾക്കാതെ, ആ രീതിയിൽ പോകുമ്പോൾ ജനങ്ങൾക്ക് പൊലീസിലുള്ള വിശ്വാസം കുറയുകയാണ്. നേരത്തെ ഇവിടെ ചേരാനല്ലൂർ വാഹനാപകടത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ആ പ്രദേശം ഉൾപ്പെടുന്ന നിയോജകമണ്ഡലത്തിലെ ജനപ്രതിനിധിയായ ശ്രീ. ടി. ജെ.

വിനോദ് എം.എൽ.എ., വാഹനാപകടം സംബന്ധിച്ച അന്വേഷണത്തിൽ വീഴ്ചവരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെട്ടത്. അവിടെ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇത്തരം അടിന്തരപ്രാധാന്യമേറിയ ഒരു ചർച്ചയ്ക്കാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. സഭാ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. പ്രവീൺ സഭവിട്ട് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ തിരികെ ഹാജരായി.)